മിസ്റ്റർ എം. ഐ. പോൾ: ഈ സമിതിക്ക മറെറ പാലം പണിയുവാൻ വിരോധമുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇതിനെറ കാര്യം വേണ്ടെന്ന തീച്ചയാക്കീട്ടില്ല.

2. VOTING OF DEMANDS FOR GRANTS

(I) 40—Labour

Mr. P. Govinda Menon *(Minister for Finance and Law)*: Under 40. Labour I move that an amount of Rs. 24, 982 be granted to Government.

Mr. E. Ikkanda Warrier *(Prime Minister)*: I second it.

CUT MOTION NO. 1

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: *To reduce the allotment of Rs. 24, 982 For labour (Total in Demand No. 40. by Re 1 (To point out the necessity of early introducing the social security Scheme)* മിസ്റ്റർ പ്രസിഡണ്ട്, സർ നമ്മുടെ രാഷ്ട്രത്തെ ഒരു സോഷ്യൽ സ്റ്റേററായി രൂപാന്തരപ്പെടുത്തുകയാണ് നമ്മുടെലക്ഷ്യം എന്നുള്ള ഒരു സൂചന ബഡ്ജററവപ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവർകൾ ചെയ്തതായി ഞാൻ ഓർക്കുന്നു; സാമാന്യജനങ്ങളുടെ രക്ഷ വേണ്ടിയുള്ള നിർദ്ദേശങ്ങൾ നമ്മുടെ ഗവൺമെണ്ട് കഴിയുന്നതും കൈക്കൊള്ളുന്നതാണെന്നും, കൂടുതൽ കൈക്കൊള്ളുവാൻ വേണ്ടി പരിശ്രമിക്കുന്നതാണെന്നും അദ്ദേഹത്തിൻെറ പ്രസംഗത്തിൽ വെളിപ്പെടുത്തുകയുണ്ടായിട്ടുണ്ട്. വാസ്തവത്തിൽ അധികാരമായം ഉണ്ടാക്കുന്നവരിൽ നിന്നു അധികാരമായനികതി പിരിച്ചെടുത്തു സാധുജനങ്ങൾക്കു പ്രയോജനകരങ്ങളായ കാര്യങ്ങൾ ചെയ്യുന്നതിന്ന് ഗവൺമെണ്ട് ഉദ്ദേശിക്കുന്നതു് യഥാർത്ഥമായ ഒരു സോഷ്യൽ സ്റ്റേററിലേക്കു നീങ്ങുവാനുള്ള ലക്ഷണമായിട്ടു കണക്കാക്കാം. പക്ഷെ, നമ്മുടെ നാട്ടിൽനിന്നു് പിരിച്ചെടുക്കുന്ന പണം എത്രത്തോളം സാധുജനങ്ങളുടെ രക്ഷക്കുവേണ്ടി പ്രയോജനപ്പെടുന്നുണ്ടെന്നുള്ള കാര്യവുകൂടി ആലോചിച്ചുനോക്കുമ്പോൾ നാം ഒരു സോഷ്യൽ സ്റ്റേററിലേക്കുള്ള പ്രയാണത്തിൽനിന്നു വ്യതിചലിച്ചിട്ടുള്ള ഒരു മാർഗ്ഗത്തിൽകൂടിയാണു് ഗമിക്കുന്നതെന്നു കാണാവുന്നതാണു്. നാം പലപ്പോഴും നികതിയായി പിരിച്ചെടുക്കുന്ന പണത്തിൽനിന്നു വലിയൊരു ഭാഗം കുറെക്കാലങ്ങളായിട്ടു നമ്മുടെ നാട്ടിൽ കെട്ടിപ്പടുത്തിട്ടുള്ള ഡിപ്പാർട്ടുമെണ്ടുകളുടെ establishment ചാർജ്ജു വഹിക്കുവാൻ മാത്രമാണുപകരിക്കുന്നതു്. സാമൂഹ്യരക്ഷക്കുപയോഗപ്പെടുന്ന തുക വളരെ തുച്ഛമാണു്. എന്നാൽ സാധുജനങ്ങളുടെ രക്ഷക്കുപയുക്തമായ ഒരു സാമൂഹ്യരാഷ്ട്രം കെട്ടിപ്പടുക്കുകയാണു് വേണ്ടതെന്നു് ഈ കാലഘട്ടത്തിൽ ഏതൊരു പരിഷ്കൃതരാഷ്ട്രവും വിളിച്ചുപറയുന്നു. നാം ഇന്നും ആ വഴിക്കു ചെയ്യാഞ്ഞതാലോ? തൊഴിലാളികളുടേയും സാധുജനങ്ങളുടേയും രക്ഷക്കുവേണ്ടിയുള്ള ഒരു നടപടി ഉടനെ നമ്മുടെ ഗവൺമെണ്ടും അംഗീകരിക്കേണ്ടതാണെന്ന ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കുവാനായിട്ടാണു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു്. നമ്മുടെ നാട്ടിൽ ഒരു തൊഴിലാളിക്കു് അവൻെറ പ്രയത്നകൂലി ശരിയായി കിട്ടാത്തതുമൂലം കഷ്ടിച്ചു ജീവിക്കാനേ സാധിക്കുന്നുള്ളു. ജീവനക്കൂലി കിട്ടുന്നില്ലെന്നതാണ്. തൊഴിലാളികൾക്കു കൂലികൊടുക്കുന്ന കാര്യത്തിൽ Family allowance-നെറ തോതു് പരിഷ്കൃതരാജ്യങ്ങളിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ആ നിയമം അനുസരിച്ചല്ല നമ്മുടെ പബ്ലിക്കു് സർവ്വീസിൽപോലുംവേതനംകൊടുക്കുന്നതു് നമ്മുടെ രാജ്യത്തുള്ള സ്കൂളുകളിലെ താഴ്ന്നക്ലാസിൽ പഠിപ്പിക്കുന്ന ഒരു അദ്ധ്യാപകനു് കിട്ടുന്ന ശമ്പളം വളരെ തുച്ഛമാണു്. അദ്ധ്യാപകലോകത്തിൻെറ ഒരു കണക്കെടുത്തു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു അമേരിക്കൻ പുസ്തകത്തിൽ ഇൻഡ്യയിലെ അദ്ധ്യാപകന്മാർ പൊതുവെ ചവിട്ടി താഴ്ത്തപ്പെട്ടിട്ടുള്ളവരാണെന്നു് പറഞ്ഞിരിക്കുന്നു. ആ പുസ്തകത്തിൽ അതിനെസംബന്ധിച്ചു് ഒരു ചിത്രം കൊടുത്തിട്ടുണ്ടു്. ചിത്രത്തിൻെറ ചുവട്ടിൽ എഴുതീട്ടുള്ളതു് ഇങ്ങിനെയാണു്. "The lowest paid teacher comes from India" അതായതു് ഏററവും താണ ശമ്പളക്കാരനായ അദ്ധ്യാപകൻ ഇന്ത്യയിലാണു് ഉള്ളതെന്നു്. ഇപ്പോൾ അവർക്കു് കിട്ടിവരുന്ന ശമ്പളം ജീവിക്കുവാൻ തീരെ മതിയാവുന്നതല്ലെന്നു് ഭയനീയമായി പറയേണ്ടിയിരിക്കുന്നു. ദിവസത്തൊഴിലാളികളുടെ കാര്യം പറയാനില്ല. വ്യവസായം അഭിവൃദ്ധിപ്പെട്ടിട്ടുള്ള പരിഷ്കൃത രാജ്യങ്ങളിൽ സോഷ്യൽ സെക്യൂരിട്ടി സ്കീം പലവിധത്തിലും ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ടു്. ജർമ്മനിയിലാണു് ഇതു ആദ്യമായി നടപ്പിലാക്കിയിട്ടുള്ളതെന്നതോന്നുന്നു അടുത്ത കാലത്തു് Beveridge plan അനുസരിച്ചു് ഇംഗ്ലണ്ടിൽ ഒരു സാമൂഹ്യരക്ഷാ പദ്ധതി ആരംഭിച്ചിട്ടുണ്ടു്. ഫ്രാൻസ്സു മുതലായ രാജ്യങ്ങളിൽ ഇതിനെ സംബന്ധിച്ചുള്ള പരിപൂർണ്ണമായ പല നിയമങ്ങളും വന്നു കഴിഞ്ഞു. ഇൻഡ്യയിലാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

Dominion Government ന്റെ കീഴിൽ ചില രക്ഷാവ്യവസ്ഥകൾ കൈക്കൊണ്ടിട്ടുള്ളതായിട്ടറിയാം. കൊച്ചി ഇൻഡ്യൻ യൂണിയനിലെ ഒരു ഘടകമായി തീർന്നിട്ടുള്ള ഒരു കാലമാണിത്. എന്നാൽ ഇൻഡ്യാഗവൺമെണ്ടു് അംഗീകരിച്ചിട്ടുള്ള പദ്ധതികൾ നമ്മുടെ ഗവൺമെണ്ടിനു് അംഗീകരിക്കുവാൻ വളരെ വിഷമമായിട്ടാണു കാണുന്നതു്. ഈ അടുത്ത കാലം വരെ നമ്മുടെ തൊഴിലാളികൾ യാതൊരുവിധ സാമൂഹ്യരക്ഷയും ഇല്ലാതെ കഷ്ടപ്പെടുകയെന്നുള്ളതാണു് അനുഭവം. ഇതിനു് എന്തെങ്കിലും ഒരു പരിപാടി നമുക്കു് കൈകൊള്ളേണ്ടതല്ലെ എന്നുള്ളതാണു് പ്രശ്നം. സോഷ്യൽ സെക്യൂരിറ്റി വ്യവസ്ഥ രണ്ടുമുന്നു തരത്തിൽ കാണുന്നുണ്ടു്. Capitalism ത്തിന്റെ ഖകയായി Commercial Insurance Scheme നാടൊട്ടുക്കു് പ്രചരിച്ചിട്ടുള്ളതു് നമുക്കെല്ലാവർക്കും അറിയാം. Commercial Insurance ൽ ചേർന്നിട്ടുള്ളതുകൊണ്ടു് അവർ മാസം തോറുമോ കൊല്ലം തോറുമൊ അടച്ചിട്ടുള്ള സംഖ്യ അമ്പത്തഞ്ചു വയസ്സു് കഴിഞ്ഞതിനു ശേഷമൊ, അവരുടെ മരണശേഷമൊ കിട്ടുന്നതാണു്. പണം അടക്കേണ്ടുന്ന ഉത്തരവാദിത്വം ഇൻഷുർ ചെയ്യുന്ന വ്യക്തികൾക്കുമാത്രമാണു്. ഈ പദ്ധതി പണമുള്ളവർക്കു കൊള്ളാം. ജോലി ചെയ്യുസ്ഥാപനത്തിൽനിന്നു് എന്തെങ്കിലും കൊടുക്കുകയെന്നുള്ള ഏർപ്പാടു് Commercial Insurance ൽ ഇല്ല. പിന്നെയുള്ള മറെറാരു ഏർപ്പാടു് Provident Fund ആണു്. അതു് ഏതാണ്ടു് ഒരു Social Insurance വ്യവസ്ഥപോലെ ആയിട്ടുവരും. ആരോഗ്യക്ഷയം, ജോലിയില്ലായ്മ, അടിക്കടി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്നിവയിൽ നിന്നു് തൊഴിലാളികളെ രക്ഷപ്പെടുത്തുകയെന്നുള്ളതാണു് ഇതിന്റെ ഉദ്ദേശം. ഇതിൽ തൊഴിലാളിയും മുതലാളിയും ഗവൺമെണ്ടും വീതം കൊടുക്കേണ്ടതുണ്ടു്. തൊഴിലാളിയുടെ വീതം വളരെ കുറഞ്ഞിരിക്കും. ഇൻഡ്യാഗവൺമെണ്ടു് ഉദ്ദേശിക്കുന്ന ഇമ്മാതിരി ഒരു Social Security Scheme അയർലണ്ടിലെ അദ്ധ്യാപകന്മാർക്കു് ഏർപ്പെടുത്തിയിട്ടുള്ളതായി അറിയാം. ടാററാ മുതലായ കമ്പനികളിലുള്ള തൊഴിലാളികളുടെ രക്ഷക്കു വേണ്ടി ഇതുപോലെയുള്ള ഏതൊ ഏർപ്പാടു് സ്വീകരിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ടു്. പക്ഷെ നമ്മുടെ ഗവൺമെണ്ടു് പൊതു തൊഴിലാളികൾക്കു് സഹായധനം ചെയ്യുകയോ അവർക്കു് ആരോഗ്യക്ഷയമൊ മറവുബുദ്ധിമുട്ടുകളൊ വരുന്ന സമയം വേണ്ട രക്ഷ ചെയ്യുന്നതിനു് ശ്രമിക്കുയോ ചെയ്തതായി കാണുന്നില്ല. സോഷ്യൽ ഇൻഷുറൻസു് സ്കീം എത്രത്തോളം അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നും പരിഷ്കൃതലോകത്തിലെ ഗവൺമെണ്ടുകൾ അതുമുഖേന ചെയ്തുവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്നും മനസ്സിലാക്കി നമ്മുടെ ഗവൺമെണ്ടു് തൊഴിലാളികൾക്കുവേണ്ടി വല്ലതും ചെയ്യേണ്ടതാണു്. അതിനപ്പുറത്തു് ഒരു സോഷ്യൽ Assistance Scheme ഉണ്ടു്. അതുപറയുന്നതു് കുറെകൂടി വിപ്ലവാത്മകമായിരിക്കും. ഓരോ പൌരന്റേയും ജീവിതകാര്യം ഗവൺമെണ്ടു് ഏറെറടുക്കണം എന്നു് പറയേണ്ട സ്ഥിതി ആയിരിക്കുന്നു. അതിനുള്ള സ്കീമാണതു്. അത്രമാത്രം നമ്മുടെരാജ്യം പരിഷ്കരിച്ചിട്ടില്ലെങ്കിലും ആ സ്കീംപ്രകാരം നമ്മുടെ തൊഴിലാളിസംഘടനകൾക്കു വേണ്ടതായ സഹായം ചെയ്യുന്നതിനു മുതിരേണ്ടതാണെന്നുള്ള അഭിപ്രായം എനിക്കുണ്ടു്. ഈ വിഷയത്തിൽ തൊഴിലാളിമന്ത്രിതന്നെ ചില പദ്ധതികൾ രൂപീകരിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ടു്. അദ്ദേഹം ഈ വിഷയത്തിൽ ശ്രദ്ധാലുവാണു്. എതായാലും അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ, സോഷ്യൽ ഇൻഷുറൻസ്സു് പദ്ധതി നടപ്പിൽ വരുത്തുകയും അതുമുഖേന നമ്മുടെ നാട്ടിലുള്ള തൊഴിലാളികളുടെ ജീവിത സൌകര്യം വർദ്ധിപ്പിക്കുകയുംചെയ്യേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ വിഷയത്തെസംബന്ധിച്ചു് ഇനി കൂടുതലായി വിസ്തരിച്ചു് സമയം കളയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ അഭിപ്രായം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. കരുണാകരൻ: മിസ്റ്റർ പ്രസിഡൻറ്, സർ, ഈ രാജ്യത്തിലെ തൊഴിലാളികളും സാധാരണക്കാരും വിദേശാധിപത്യത്തിൻകീഴിൽ കഴിഞ്ഞുകൂടേണ്ടിവന്നിരുന്നതുകൊണ്ടു് വളരെ അധികം ദുരിതങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. ഒരു തൊഴിലാളി പത്തൊ, പന്ത്രണ്ടൊ വയസ്സുമുതൽ പത്തുപത്തിഅഞ്ചു് വയസ്സുവരെ ജോലിചെയ്തുവന്നിട്ടുള്ളൊരാൾക്കു് അയാൾജോലി ചെയ്തിരുന്ന തൊഴിൽ സ്ഥാപനത്തിൽനിന്നു് പുറത്തേക്കിറങ്ങി വരുന്നതു് വീട്ടിലേക്കു ചെന്നുചേരുവാനുള്ള ആരോഗ്യമൊ, വഴിച്ചിലവിനുള്ള സംഖ്യപോലുമൊ ഇല്ലാതെയാണു്. കുടുംബപ്രാരാബ്ധംകൊണ്ടു് എത്ര കഷ്ടത സഹിച്ചും ജോലിചെയ്തു് ആരോഗ്യം മുഴുവനും നശിച്ചു, ഒരു മനുഷ്യനായി ജീവിക്കുവാൻപോലും സാധിക്കാത്തനിലയിൽ ഉപയോഗശൂന്യനായി കഴിഞ്ഞതിനുശേഷമാണു് അവൻ വീട്ടിലേക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Karunakaran]

തിരിച്ചെത്തുന്നതു". നമ്മുടെ രാജ്യത്തിലെ മുതലാളിമാർ തൊഴിലാളികളെ കരിമ്പുംപിണ്ടം പോലെയാണ് കണക്കാക്കുന്നതു". കരിമ്പിൻറെസവ്വസത്തും വലിച്ചെടുത്തതിനുശേഷം അതിൻറെ പിണ്ടം വലിച്ചെറിയുന്നതുപോലെയാണ് ഇവിടത്തെ തൊഴിലാളികളെ അവർ ഉപയോഗിക്കുന്നതു". ഈ നിലക്ക് ഒരു മാറ്റം ഉണ്ടാക്കിയെതീരു. കാരണം, തൊഴിലാളികളുടേയും കൂടിയുള്ള പരിശ്രമഫലമായിട്ടാണ് നമ്മുടെ രാജ്യം സ്വതന്ത്രമായിട്ടുള്ളതു". സ്വാതന്ത്ര്യരാജ്യങ്ങളിൽ ഈ മാതിരിയുള്ള കായ്ക്കുങ്ങളിൽ എത്ര കണ്ടു് ശ്രദ്ധ ചെലുത്തിയിരുന്നു എന്നു് ജർമ്മനിയിലേയും അമേരിക്കയിലേയും, ഇംഗ്ലണ്ടിലേയും, കാനഡായിലേയും സംഭവങ്ങൾ നോക്കിയാൽ നമുക്കു കാണുവാൻ സാധിക്കും. ഉദ്ദേശം നൂറു വർഷങ്ങൾക്കു മുമ്പാണ് ജർമ്മനിയിൽ ഇങ്ങനെ ഒരു Social Security Scheme കൊണ്ടുവന്നിട്ടുള്ളതു". ഫ്രാവുന മുതൽ ഫ്രാവുൻ വരെയുള്ള കാലംകൊണ്ടാണ് തൊഴിലാളികൾക്കു് പ്രസവാനുകൂല്യം, വാർദ്ധക്യാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം മുതലായ പല ആനുകൂല്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ള നിയമങ്ങൾ അവിടെ നടപ്പിലാക്കിയിട്ടുള്ളതു". ഫ്രൻ ഫ്രഞ്ചൽ ആണെന്നു തോന്നുന്ന ഇംഗ്ലണ്ടിൽ നാഷണൽ പ്ലാനിങ്ങ് സ്കീം കൊണ്ടുവന്നിട്ടുള്ളതു". ഇന്നു് ഇൻഡ്യയിലും അത്തരം ഒരു സ്കീം കൊണ്ടുവരുവാൻ ഇൻഡ്യാഗവൺമെണ്ടു് പരിശ്രമിച്ചു വരുന്നുണ്ടു്. Workers Security Insurance ഫ്രൻ ര വു ഏപ്രിൽ ഫാംനു മുതൽ നടപ്പാക്കിയിട്ടുമുണ്ടു്. ഫ്രൻ ര ര മേയ് മാസത്തിലാണ് ഫിലാസൽഫിയയിൽ കൂടിയ Inter National organisation സമ്മേളനത്തിൽവെച്ചു് ലോകം ഒട്ടാകെ ഈ സ്കീം നടപ്പിലാക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടു്. അതിൻറെ അടിസ്ഥാനത്തിൽ ഒരു സ്കീം ഇൻഡ്യയിൽ തയ്യാറാക്കിട്ടുള്ളതായി കേൾവിയുണ്ടു്. പലവിധത്തിലുള്ള ആനുകൂല്യങ്ങളും ഇന്നു് ലോകത്തിലെ ഇതരഭാഗങ്ങളിൽ തൊഴിലാളികൾക്കു് കിട്ടിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ രാജ്യമാണു് വളരെ അധികം പിന്നണിയിൽ നില്ക്കുന്നതെന്നു് അനുഭവംകൊണ്ടു് കാണുന്നുണ്ടു്. ഞാൻ മുമ്പു് പ്രസ്താവിച്ചപ്രകാരം ഒരു തൊഴിലാളി അവൻറെ ആരോഗ്യകാലമെല്ലാം തൊഴിൽശാലയിൽ കഴിച്ചുശേഷം അവൻറെ കുടുംബത്തിനു് യാതൊന്നും ചെയ്യുവാൻ സാധിക്കാതെ, ജീവിതം തുടർന്നുകൊണ്ടുപോകുവാൻ കഷ്ടപ്പെടുന്ന ഒരവസരത്തിൽ, തൊഴിലില്ലായ്മ വളരെ അധികം വളർന്നിരിക്കുന്ന ഈ സന്ദർഭത്തിൽ ഒരു Social Security scheme നാം ആശിക്കുന്നരീതിയിൽ നടപ്പാക്കാതിരിക്കുകയാണെങ്കിൽ നാം അറിഞ്ഞുകൊണ്ടുതന്നെ ഈ രാജ്യത്തെ ഒരു കലാപത്തിലേക്കു തള്ളിവിടുകയാണു് ചെയ്യുന്നതെന്നു് ഓർമ്മിപ്പിച്ചുകൊള്ളട്ടെ. . നാം പല വിധത്തിലും മറ്റുപല അക്രമപ്രസക്തരായിട്ടുള്ള ആളുകളെപ്പറ്റി വളരെ ശക്തിയായിട്ടു് ആക്ഷേപിക്കാറുണ്ടു്. തൊഴിലാളികൾപോലും അവരുടെ അവശതകളുടെ പേരിൽ പണിമുടക്കുമ്പോൾ നാം നിയമത്തിൻറെ പേരിൽ അവരെ ആക്ഷേപിക്കാറുണ്ടു്. തൊഴിലാളികൾ അക്രമികളാണെന്നു പറഞ്ഞു കൊണ്ടു് നാം അങ്ങനെ അനേകംപേരെ ആക്ഷേപിക്കാറുണ്ടു്. സർ, അവർ അങ്ങിനെയുള്ള മാർഗ്ഗങ്ങളിൽക്കൂടി പോകാതിരിക്കണമെങ്കിൽ അവരുടെ കായ്ത്തെപ്പറ്റി ശ്രദ്ധവെക്കേണ്ടതായിരിക്കുന്നു. തങ്ങളെ രക്ഷിക്കുവാൻ ആരും ഇല്ലെങ്കിൽ, രക്ഷ എവിടെയാണെന്നു് അന്വേഷിച്ചുപോകുന്ന തൊഴിലാളി വിപ്ലവപരമായ മുദ്രാവാക്യത്തിൻറെ പിന്നാലെ പോയിട്ടുണ്ടെങ്കിൽ അതിനു് ആ പാവപ്പെട്ട തൊഴിലാളിയെ ആക്ഷേപിച്ചിട്ടു് കായ്മില്ല. അവരുടെ ഉത്തരവാദിത്വം സ്വതന്ത്ര ഇൻഡ്യയുടെ ഒരു ഘടകമായ നമ്മുടെ സ്റ്റേറ്റിനും ഏറെറടുക്കേണ്ടിയിരിക്കുന്നു. ഭാരതത്തിൻറെ കടിഞ്ഞാൺപിടിച്ചുകൊണ്ടിരിക്കുന്ന ഇൻഡ്യൻ ഡൊമീനിയൻ പ്രധാനമന്ത്രി പണ്ഡിത ജവഹർലാൽ നെഹ്രുവിൻറെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച നാഷനൽ പ്ലാനിങ്ങു് കമ്മിറ്റി Social Security schemes അത്യാവശ്യമാണെന്നു് ശുപാർശചെയ്തിട്ടുണ്ടു്. തൊഴിലാളികളുടെ ക്ഷേമത്തെക്കുറിച്ചു് വളരെഅധികം താല്പര്യവും അതിനുവേണ്ടി എന്തും പ്രവർത്തിക്കുവാൻ സന്നദ്ധനുമായിട്ടുള്ള ഒരു ധനനിയമമന്ത്രിയാണു് ഇന്നു് നമുക്കുള്ളതെന്നു പറയുന്നതിൽ എനിക്കു വളരെ അധികം ചാരിതാർത്ഥ്യമുണ്ടു്. ആയതുകൊണ്ടു് ആ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഈകാര്യത്തിൽ ശരിയായിട്ടു് പതിയുമെന്നും, ഈ രാജ്യത്തിലെ തൊഴിലാളികൾക്കു്, തൊഴിലില്ലായ്മമൂലം ദുരിതം അനുഭവിക്കുന്നവർക്കു് രക്ഷ നൽകുന്ന വിധത്തിലുള്ള ഒരു Social Security scheme അധികം താമസിയാതെതന്നെ തയ്യാറാക്കി നടപ്പിൽവരുത്തണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ബഡ്ജറ്റോപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. കുഞ്ഞുപ്പൻ: സർ, ബഹുമാനപ്പെട്ട അരനാട്ടുകര മെമ്പറുടെ ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. നമ്മുടെ രാജ്യം പല സാമൂഹ്യരക്ഷാവ്യവസ്ഥകളും ആവശ്യമുള്ള രാജ്യമാണു്. പാശ്ചാത്യ രാജ്യങ്ങളിൽ പലതിലും മനുഷ്യർക്കു വരുന്ന നിസ്സഹായാവസ്ഥകളിൽ സഹായം നൽകി അവരെ രക്ഷിക്കുവാനുള്ള പദ്ധതികളും ഉണ്ടു്. ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷമാണു് അമേരിക്കയിൽ സോഷ്യൽ ഹെൽത്തുസെക്യൂരിറ്റിസമ്പ്രദായം ഏർപ്പെടുത്തിയതു്. ഈ കൊല്ലത്തിനിടക്കുവെച്ചാണു് ബ്രിട്ടനിൽ ഇതുമാതിരി ഒരു രക്ഷാവ്യവസ്ഥ ഏർപ്പെടുത്തിയിരിക്കുന്നതു്. നാട്ടിൽ ഭക്ഷണമില്ലാതെയും, ഉടുതുണിയില്ലാതെയും പാർക്കുവാൻ വീടില്ലാതേയും ആരും കഷ്ടപ്പെടരുതു് എന്ന ലക്ഷ്യം വച്ചുകൊണ്ടു് അവർ പല രക്ഷാവ്യവസ്ഥകളും ഏർപ്പെടുത്തിയിട്ടുണ്ടു്. അവിടത്തെ ഗവൺമെണ്ടുകളും കരുതുന്നു രോഗം വന്നാൽ വൈദ്യസഹായം ഇല്ലാതെ കഷ്ടപ്പെടുന്ന ഓരൊറ്റ പൌരനും നാട്ടിൽ ഉണ്ടാകരുതു്, അതുകൊണ്ടു് മുതിയടയരുതു്, കഷ്ടപ്പെടരുതു് എന്നു്. എന്നാൽ നമുക്കു ഇങ്ങിനെയുള്ള ഒരുനില സപ്പനത്തിൽപോലും കാണുവാനുള്ള അവസരം വന്നു കഴിഞ്ഞിട്ടില്ല. എങ്കിലും ഇങ്ങിനെയുള്ള ഒരു ലക്ഷ്യം ആദർശമായിട്ടെങ്കിലും മുമ്പിൽ വെച്ചു പ്രവർത്തിക്കുവാൻ നമുക്കു ഒരുങ്ങാതിരിക്കുന്നതിനു നിവർത്തിയില്ല. കാത്തിരിക്കുവാൻ ജനങ്ങൾ ഇനിമേൽ സമ്മതിക്കുകയില്ല. അങ്ങിനെയാണു് രാഷ്ട്രീയ സ്ഥിതിഗതികൾ പോയിക്കൊണ്ടിരിക്കുന്നതു്. ഇവിടെ സാമാന്യമനുഷ്യനു് അവന്റെ ജീവിതം തന്നെ ആശയറ്റതായിത്തീർന്നിരിക്കുന്നു. ജീവിതത്തെ നരക വാരിധിയായിട്ടാണു് അവർ കാണുന്നതു്. കർഷകൻ സാമാന്യനാണു്. വെള്ളം കയറി കൃഷി നശിക്കാവുണ്ടു്. ഉണക്കം മൂലവും കൃഷി നശിക്കാവുണ്ടു്. ഒരു പൂവു കൃഷി നശിച്ചാൽ കൃഷിക്കാരൻ അന്നേ തകർന്നു പോകുന്നു. കൃഷിക്കു ഒഴിച്ചുകൂടാത്തതാണു് കന്നുകാലി. കന്നുകാലിക്കു പലപ്പോഴും ദീനം ബാധിക്കാവുണ്ടു്. ചത്തു പോകാവുണ്ടു്. കന്നുകാലി കൃഷിക്കാരന്റെ സമ്പത്താണു്. അവ ദീനം പിടിച്ചു ചത്തുപോകുകയാണെങ്കിൽ അതുകൊണ്ടും കൃഷിക്കാരൻ തുലഞ്ഞുപോകുന്നു. ഇങ്ങിനെയുള്ള ആപത്തുകളിൽനിന്നും, കെടുതികളിൽനിന്നും ജനങ്ങൾക്കു രക്ഷനല്കുവാനുള്ള ഒരു മാർഗ്ഗം ഗവൺമെണ്ടു് നടപ്പിലാക്കണം. വൈദ്യസഹായത്തിന്റെ കാര്യത്തിലും അതുവേണം. പാശ്ചാത്യരാജ്യങ്ങളിൽ പബ്ലിക്കു ഹെൽത്തുസെക്യൂരിറ്റി ഏർപ്പെടുത്തുമ്പോൾ നമ്മുടെ നാട്ടിൽ അപൂർവ്വം ചില പണക്കാർക്കല്ലാതെ അത്യാവശ്യമായ വൈദ്യ സഹായം പോലും ലഭിക്കാതിരിക്കുന്നു. തെണ്ടിപ്പട്ടികൾ പോലെ റോഡിൽ കിടന്നു ചാകുവാൻ ഇടവരുന്നു. ഇങ്ങിനെയുള്ള നിലക്കു് ഒരു മാറ്റം വരുത്തണം. ജീവിതം നരകമായി ജനസാമാന്യം വിഭാവനം ചെയ്യുന്നതു് അപകടകരമാണു്. മനുഷ്യന്റെ ജീവിതനില ഉയർത്തി അവന്റെ ജീവിതം ജീവിക്കുവാൻ പറ്റിയതാക്കത്തക്കവണ്ണം, ജീവിക്കുന്നതു പ്രയോജനകരമാക്കത്തക്കവണ്ണം സോഷ്യൽ സെക്യൂരിറ്റി സമ്പ്രദായങ്ങൾ ഏർപ്പെടുത്തിയേ മതിയാകൂ. ഈ നാട്ടിൽ പലവിധത്തിലുള്ള പ്രയാസങ്ങളുമുണ്ടെന്നു ഞങ്ങൾക്കറിയാം. ഇന്ത്യാഗവൺമെണ്ടു് സമഗ്രമായി ആലോചിച്ചു തയ്യാറാക്കുന്ന ഒരു പ്ലാനിൽകൂടിയല്ലാതെ ഫലപ്രദമായി നമുക്കു മുന്നോട്ടു നീങ്ങുവാൻ കഴിയുകയില്ലെന്നു ഞങ്ങൾക്കറിയാം. എങ്കിലും ഈ വഴിക്കുള്ള ശ്രമം ഇപ്പോഴെ ആരംഭിക്കണം. ഇന്ത്യായൂണിയൻ രക്ഷാവ്യവസ്ഥകൾ ഉണ്ടാക്കുമ്പോൾ അതു നമ്മുടെ നാടിലും പകർത്തുവാൻ പറ്റിയ ഒരു പശ്ചാത്തലം സൃഷ്ടിക്കുകയെങ്കിലും വേണം. ഇന്നു നമുക്കുള്ള ഒരു വലിയ കുറവു വേണ്ടത്ര സ്ഥിതി വിവരങ്ങൾ ഇല്ലായ്മയാണു്. നമ്മുടെ രാജ്യത്തു തൊഴിലില്ലാത്തവർ എത്രയുണ്ടു്? അവരിൽ എത്രപേർ വൈദ്യസഹായമില്ലാതെ മരിക്കുവാൻ ഇടവരുന്നു; എത്ര ആളുകൾ വീടില്ലാത്തവരായുണ്ടു്; എന്നൊക്കെ ചോദിച്ചാൽ ഉത്തരം പറയുവാൻ സാധ്യമല്ല. ഇൻഡ്യയെ സംബന്ധിച്ചുള്ള നില അതുതന്നെയാണു്. അതുകൊണ്ടു് ഈ വഴിക്കുള്ള ഒരു പദ്ധതിയെങ്കിലും സാമുദായിക രക്ഷാവ്യവസ്ഥ ആസൂത്രണം ചെയ്യുന്നതിൽ നമ്മുടെ ഗവൺമെണ്ടു് സത്വരശ്രദ്ധ പതിപ്പിക്കണമെന്ന അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ പി. കെ. ഡീവർ: സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു് വളരെയൊന്നും പറയേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. നമ്മുടെ നാട്ടിൽ ഇന്നു തൊഴിലില്ലായ്മ വർദ്ധിച്ചു വരികയാണു്. വ്യവസായങ്ങൾ വർദ്ധിപ്പിക്കണമെന്നുള്ള മുറവിളി വർദ്ധിച്ചുവരുന്നുണ്ടെങ്കിലും തൊഴിലില്ലായ്മ അനുദിനം വളർന്നു വരുന്നതായിട്ടാണു് കാണുന്നതു്. തൊഴിൽ ശാലകളിൽ പണിയില്ലെന്ന കാരണത്താലും മറവും ആളുകളെ പിരിച്ചുവിട്ടുകൊണ്ടിരിക്കുന്നു. ഇങ്ങിനെ തൊഴിലില്ലാതായി തീർന്നവർക്കു ജീവിതം കഴിച്ചുകൂട്ടുവാൻ യാതൊരാശ്രയവുമില്ല. തൊഴിലില്ലാതാകുന്നവർക്കും, തൊഴിലെടുക്കുവാൻ ശേഷിയി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Dewer]

ല്ലാതാകുന്നവക്കൊ ജീവിക്കുവാനുള്ള അവകാശം നശിക്കുന്നില്ലെങ്കിലും അതിനുള്ള യാതൊരു സൌകര്യവും നമ്മുടെ നാട്ടിൽ ഏർപ്പാടു ചെയ്യുന്നില്ല. രോഗം പിടിച്ചു കിടക്കുമ്പോഴും അവർ നിരാശ്രയർ തന്നെയാണു്. വീട്ടു പലഭാഗത്തിലിരുന്നിരുന്നയാൾ പെട്ടന്നു മരിച്ചുപോയാൽ അയാളുടെ ആശ്രിതർ അനാഥരും നിരാശ്രയരുമായിത്തീരുന്നു. ഇതു ഭയനീയമായ പരിതസ്ഥിതിയിൽ നിന്നു സമുദായത്തെ രക്ഷിക്കുന്നതിനു സാമൂഹ്യ രക്ഷാവ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടതു സ്റ്റേറ്റിന്റെ കടമയാണു്. ജനങ്ങളുടെ ആരോഗ്യരക്ഷക്കും ഈ സാമൂഹ്യ രക്ഷാവ്യവസ്ഥയിൽ സ്ഥാനം അവശ്യംഉണ്ടായിരിക്കണം. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ആരോഗ്യം എത്രമാത്രം നശിച്ചുവരുന്നു എന്നതിനു ഒരു ചെറിയഉദാഹരണംപറയാം. ടാറാകമ്പനിയിലെ തൊഴിലാളികളെ സംബന്ധിച്ചു് അവിടെ കമ്പനിമാനേജ്മെൻറിൽ നിന്നു വിദഗ്ധന്മാരായ ഡാക്ടർമാരെ കൊണ്ടു് ഒരു ആരോഗ്യപരിശോധന ഈയിടെ നടത്തിക്കുകയുണ്ടായി. സാധാരണ ഗതിയിൽ ആരോഗ്യവാന്മാരാണെന്നു കരുതിപ്പോരുന്ന വളരെ പേർ ക്ഷയരോഗ ബാധിതരാണെന്നൊ, ക്ഷയരോഗത്തിലേയ്ക്കു ത്വരിതഗമനം ചെയ്യുകയാണെന്നൊ ടി പരിശോധന വെളിപ്പെടുത്തിയിരിക്കുന്നവത്രെ. നമ്മുടെ നാട്ടിലെ വലിയൊരു വിഭാഗം വേലക്കാരുടെ സമിതി ഇതാണു്. ഒരു വേലക്കാരൻ രോഗബാധിതനായിപ്പോയാൽ അവനും അവനെ ആശ്രയിച്ചിരുന്നവരും ഒരുപോലെ കഷ്ടത്തിലായി. ഈമാതിരി പലവിധത്തിലുള്ള ദുരിതങ്ങളിൽനിന്നു സമുദായത്തെ രക്ഷിക്കുന്നതിനു ഒരു സാമൂഹ്യരക്ഷാപദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കുകയല്ലാതെ വേറെ യാതൊരു മാർഗ്ഗവുമില്ല. ഇതു ഇന്നു എന്നത്തേക്കാളും അടിയന്തിരവും, അത്യാവശ്യവുമായിത്തീർന്നിട്ടുണ്ടു്. എന്നാൽ ഇതിൽ നമ്മുടെ ഗവൺമെണ്ടിനു് എന്തു ചെയ്യുവാൻ സാധിക്കുമെന്നു് എനിക്കറിഞ്ഞുകൂടാ. എങ്കിലും ഇന്ത്യാഗവൺമെണ്ടുമായി ആലോചിച്ചു് ഈ വിഷയത്തിൽ ചില നടപടി എടുക്കാതെ തരമില്ല. ഞൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: സർ, ഈ രാജ്യത്തെ തൊഴിലാളികൾക്കും സാധാരണക്കാർക്കും ജീവിക്കുവാനുള്ള സൌകര്യം വളരെ വിരളമാണെന്നുള്ളതു് എല്ലാവരും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണു്. എവിടെ നോക്കിയാലും അസ്വസ്ഥതകളാണു് നാം കാണുന്നതു്. ജോലി ഇല്ലാതെ വളരെ അധികം ജനകൾ കഷ്ടപ്പെടുന്നു. ജോലിയുള്ളവർ തന്നെ ശരിക്കു കൂലികിട്ടാത്തതുകൊണ്ടു് അവരുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കാത്ത ഒരു പരിതസ്ഥിതിയിൽ എത്തിയിരിക്കുകയാണു്. തുച്ഛമായ ഒരു കൂലികൊണ്ടു് അവർക്കു കുടുംബം പോറ്റുവാൻ തന്നെസാധിക്കുന്നില്ല. ഇങ്ങിനെയുള്ള അവസരങ്ങളിൽ രോഗം പിടിപെടുകയും മറ്റു ആപത്തുകൾ വരുകയും ചെയ്യുമ്പോൾ, അവർക്കു കിട്ടുന്ന കൂലികൊണ്ടു് ഭക്ഷണംതന്നെ കഴിക്കുവാൻ സാധിക്കാതിരിക്കെ, രോഗത്തിനു ചികത്സിക്കുവാൻ യാതൊരു സൌകര്യവും അവർക്കില്ലാതെയാണു് ഇരിക്കുന്നതു്. ഇങ്ങിനെയുള്ള പരിതസ്ഥിതി നീണ്ടുപോകയാണെങ്കിൽ നമ്മുടെ സമുദായംതന്നെ തകർന്നുപോകുമെന്നാണു് എനിക്കു തോന്നുന്നതു്. ജനങ്ങൾ തന്നെ അക്ഷമരായി കഴിഞ്ഞു കൂടുന്ന ഒരു കാലഘട്ടത്തിലാണു് നാം എത്തിച്ചേർന്നിരിക്കുന്നതു്. ഇങ്ങിനെയുള്ള കാലഘട്ടത്തെ തരണം ചെയ്യേണ്ടതു് ഏതു ഗവൺമേണ്ടിന്റെയും പ്രഥമ കർത്തവ്യങ്ങളിൽ ഒന്നാണു്. നമ്മുടെ ഗവർമ്മേണ്ടിനും ഇതുപോലെയുള്ള തൊഴിൽകാർക്കും സാധാരണക്കാർക്കും ഒരു രക്ഷാവ്യവസ്ഥ ഏർപ്പെടുത്തുന്ന പദ്ധതി ഉണ്ടാക്കുവാനുള്ള സന്മനസ്സുണ്ടെങ്കിലും ഒരുപക്ഷെ പണം വളരെ ആവശ്യമായിവരുന്നതുകൊണ്ടും സ്റ്റാറേറിസ്റ്റിക്സിന്റെ പോരായ്മകൊണ്ടും ഉടനടി സാധിച്ചില്ലെന്നു വന്നേക്കാം. എന്നിരുന്നാലും ഈ കാര്യത്തിൽ ഗവൺമേണ്ടു ശ്രദ്ധിച്ചില്ലെന്നവരരുതു്. ഗവൺമെണ്ടു് ഈ കാര്യത്തെപ്പറ്റി ആലോചിച്ചു് ഏതെങ്കിലും ഒരു പദ്ധതി നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നു എന്നുള്ള കാര്യമെങ്കിലും ജനങ്ങളെ അറിയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇങ്ങിനെയുള്ള ഒരു പദ്ധതി സ്വീകരിച്ചു് കുറെ കാലംകൊണ്ടെങ്കിലും നടപ്പിൽ വരുത്തിയാൽ നന്നായിരിക്കും. ഇൻഡ്യാഗവൺമെണ്ടുതന്നെ ഫൻ ർ വു-ലെ ബഡ്ജറ്റ് സമ്മേളനത്തിൽ രോഗംപിടിപെട്ടവർക്കു ചില ആനുകൂല്യങ്ങൾ ചെയ്യുവാനുള്ള ഒരു ഇൻഷ്വറൻസ് വ്യവസ്ഥ ഉണ്ടാക്കണമെന്ന നിയമം പാസാക്കിയിട്ടുണ്ടു്. ഈ സന്ദർഭത്തിൽ നമ്മുടെ ഗവൺമെണ്ടും ഈവക കാര്യം ഇവിടെ നടപ്പിൽ വരുത്തുവാൻ ശ്രദ്ധിക്കുമെന്നാണു് എനിക്കു പറയുവാനുള്ളതു്. കൂടാതെ വലിയ വലിയ പദ്ധതികളും നടപ്പിൽ വരുത്തുവാൻ നമുക്കു ഇന്നത്തെ പരിതസ്ഥിതി അനുവദിക്കാത്തതുകൊണ്ടു് ചില താല്ക്കാലികമായ രക്ഷകളും എങ്കിലും അവർക്കു ചെയ്യുവാൻ സാധിക്കുമെന്നാണു് എനിക്കു തോന്നുന്ന

LIBRARY ARCHIVES Kerala Legislative Assembly

തു". ഇപ്പോൾ പ്രോവിഡണ്ടു് ഫണ്ടു് കൊടുക്കുന്ന സമ്പ്രദായം ഗവമ്മെണ്ടിന്റെ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു് ഉണ്ടെങ്കിലും പല ഫാക്ടറികളിലും ഈവക സമ്പ്രദായങ്ങളൊന്നും ഇപ്പോഴില്ല. മുതലാളിമാരെക്കൊണ്ടു് തൊഴിലാളികൾക്കു് പ്രോവിഡണ്ടു് കൊടുപ്പിക്കുകയൊ, പെൻഷൻ കൊടുപ്പിക്കുകയൊ ചെയ്യുവാൻ വേണ്ട എളുപ്പാടുകൾ ഉണ്ടാക്കുവാൻ വളരെ പ്രയാസമില്ല. ആ വിധത്തിലുള്ള ഒരു നിയമനിർമ്മാണം ഇവിടെ ഉണ്ടായാൽ മതി. ഇങ്ങിനെയുള്ള ഒരു നിയമനിർമ്മാണമുണ്ടാക്കുന്നതുകൊണ്ടു് ഗവമ്മെണ്ടിനു യാതൊരു ചിലവുമില്ല. വലിയ പദ്ധതി ഗവമ്മെണ്ടു് ഏറ്റെടുത്തുനടത്തുവരെ ഇങ്ങിനെയുള്ള താല്ക്കാലികമായ ചില രക്ഷകളെങ്കിലും ചെയ്യണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, സാമൂഹ്യരക്ഷാവ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ ഉടനെ തുടങ്ങണമെന്നാണു് ബഹുമാനപ്പെട്ട അരണാട്ടുകര മെമ്പർ ഈ പ്രമേയംമൂലം ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുന്നതു്. അദ്ദേഹവും, അദ്ദേഹത്തെ തുടർന്നു പ്രസംഗിച്ച ബഹുമാനപ്പെട്ട അംഗങ്ങളും പറഞ്ഞ അഭിപ്രായങ്ങളോടു് ഗവമ്മെണ്ടിനുപോലും വിയോജിക്കുക സാദ്ധ്യമല്ല. സാമൂഹ്യരക്ഷാവ്യവസ്ഥകൾ എന്നുള്ള പദം വളരെ വിപുലമായ ഒന്നാണു്. നാട്ടിൽ ജനങ്ങൾക്കു നിർഭയമായി ജീവിക്കാൻ സാധിക്കണമെന്നുള്ളതാണു് എല്ലാ ഗവമ്മെണ്ടുകളും മുമ്പിൽ വെച്ചുകൊണ്ടിരിക്കേണ്ട ആദർശം. നിർഭയമായി ജീവിക്കുക എന്നുള്ള വാക്കിനു്, സാമൂഹ്യകാര്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ ഒരു പ്രത്യേകമായ അർത്ഥമുണ്ടു്. ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, വിനോദം മുതലായ പ്രാഥമികാവശ്യങ്ങൾ സാധിച്ചുകിട്ടാതെ കഷ്ടപ്പെടേണ്ടിവരുമൊ എന്നുള്ള ഭയമാണു് മനുഷ്യർക്കുള്ള ഏറ്റവും പ്രധാനമായുള്ളതു്. പ്രവൃത്തിയില്ലാതെ, തൊഴിലില്ലാതെ കഴിഞ്ഞുകൂടേണ്ടിവരുക; തൊഴിലിൽ പ്രവേശിച്ചാൽ, തൊഴിൽ എന്നാണു് നഷ്ടപ്പെട്ടുപോകുക എന്നു് വിഷാദിച്ചു് കഷ്ടപ്പെടേണ്ടിവരിക; തൊഴിലെടുത്തുകൊണ്ടു് വാർദ്ധക്യത്തിലെത്തിയതിനു ശേഷം, തൊഴിലെടുക്കാൻ സാധിക്കാതെ വരുന്ന സമയത്തു് പട്ടിണി കിടക്കേണ്ടിവരുമൊ എന്നു് ഭയപ്പെടേണ്ടിവരിക; തൊഴിൽ എടുത്തുകൊണ്ടിരിക്കുന്ന കാലത്തു് രോഗംമൂലം അവശതകൾ വന്നുചേർന്നു കഷ്ടപ്പെടുമോ എന്നുള്ള ഭയം; ഇങ്ങിനെ നാനാവിധത്തിലുള്ള ഭയംമൂലം ഇന്നു ലോകത്തിൽ എല്ലാ രാജ്യങ്ങളിലും ജനങ്ങൾ കഴുങ്കുകയാണു്. അങ്ങിനെയുള്ള ഭയങ്ങളിൽനിന്നു് ജനങ്ങളെ മോചിപ്പിച്ചു്, എല്ലാവർക്കും തൊഴിൽ കൊടുക്കുവാനും, തൊഴിലിനു തക്കതായ പ്രതിഫലം കൊടുക്കുവാനും, തൊഴിൽക്കാലത്തു് വരുന്ന കഷ്ടപ്പാടുകൾക്കു് നിവാരണമുണ്ടാക്കുവാനുമുള്ള ഒരു പദ്ധതിയാണു് സാമൂഹ്യ രക്ഷാവ്യവസ്ഥ എന്നു് സാമാന്യമായി പറയാം. ഇങ്ങിനെയുള്ള വ്യവസ്ഥകൾ ഈ രാജ്യത്തു് നടപ്പിൽ വരുത്തണമെന്നു് ആരെങ്കിലും പറയുകയാണെങ്കിൽ തീർച്ചയായും അതിനെ അനുകൂലിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ നിവൃത്തിയില്ല. ഈ വിധത്തിലുള്ള വ്യവസ്ഥ ഏതെങ്കിലും രാജ്യത്തു് നടപ്പിൽ വരുത്തണമെങ്കിൽ ആ രാജ്യത്തെ ഗവമ്മെണ്ടു് ഒരു planning പദ്ധതി മുമ്പിൽ വെക്കാതെ നിവൃത്തിയില്ല. ജനങ്ങളുടെ ആവശ്യമനുസരിച്ചു് ഉല്പാദനത്തെ നിയന്ത്രിക്കുകയും ജനങ്ങളുടെ ആവശ്യത്തിനു് വേണ്ട ഉല്പന്നങ്ങൾ വിതരണംചെയ്യുകയുമാണു് planning-ന്റെ ഏറ്റവും പ്രഥമവും പ്രധാനവുമായധർമ്മം. ഈ വിധത്തിലുള്ള പ്ലാനിങ്ങു് നടപ്പിൽ വരുത്തണമെങ്കിൽ പരമാധികാരമുള്ള ഒരു രാജ്യത്തു മാത്രമെ സാധിക്കുകയുള്ളൂ. കൊച്ചിയെപോലെ ഉള്ള ഒരു ചെറുരാജ്യത്തെ എന്ന പോലെ, ഗവമ്മെണ്ടിന്റെ പലപല ധർമ്മങ്ങളും പരമാധികാരത്തോടുകൂടി നടത്താൻ സാധിക്കാത്ത ഒരു രാജ്യത്തു് പ്ലാനിങ്ങു് സാദ്ധ്യമല്ലെന്നു് ആരും സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഫൻ ർ ൻ-ൽ ഇന്ത്യ സ്വതന്ത്രയായതിനു ശേഷം ഈ വിധത്തിലുള്ള പല കാര്യങ്ങളും നടപ്പിൽ വരുത്തണമെന്നു് ഇന്ത്യാഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടു്. ഇന്നു കോൺസ്റ്റിറ്റ്യുവെൻറ് അസംബ്ലിയുടെ ആലോചനയിൽ ഇരിക്കുന്ന ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷൻ ആക്ടിൽ പ്ലാനിങ്ങു് എന്ന ഒരു വിഷയം തന്നെ ഇന്നത്തെ പ്രധാനമന്ത്രിയുടെ നിർദ്ദേശമനുസരിച്ചു് ഗവമ്മെണ്ടു് functions-ൽ ഒന്നായി ഗവമ്മെണ്ടിന്റെ ലിസ്റ്റിൽ ചേർത്തിട്ടുണ്ടു്. ലിസ്റ്റു് എന്നു പറയുന്നതു് federal ഗവമ്മെണ്ടിനും, യൂണിയൻ ഗവമ്മെണ്ടിനും അധികാരം നടത്താവുന്ന വിഷയങ്ങൾ Constitution-ൽ അനുബന്ധമായി ചേർത്തിട്ടുണ്ടു്. ആ വകുപ്പിൽ, ഫെഡറേഷന്റെ ലിസ്റ്റിൽ പ്ലാനിങ്ങു് ഒരു Item ആയി ചേർത്തിട്ടുണ്ടു്. ഇന്നത്തെ ഇന്ത്യൻ പ്രധാന മന്ത്രി, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അദ്ദേഹം മന്ത്രി അല്ലാതെ ഒരു രാഷ്ട്രീയപ്രവർത്തകനായിരുന്നകാലത്തു് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ പ്ലാനിങ്ങ്കമ്മറ്റിയുടെ ചെയർ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

മാൻ ആയിരുന്നു. ആ പ്ലാനിങ്ങ് കമ്മിറ്റി ഇന്ത്യയിലെ ജനങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ സാധിക്കുന്നതിനുവേണ്ടി പലവിധത്തിലുള്ള കായ്ങ്ങളെക്കുറിച്ച് റിപ്പോർട്ടുകൾ ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടുകളിൽ അടങ്ങീട്ടുള്ള കായ്ങ്ങൾ, നടപ്പിൽ വരുത്തുന്നതിനു ഗവൺമെണ്ട് ഈ ലിസ്റ്റിൽ, (List No. 1.) Federation List-ൽ പെടുത്തിയിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്തേക്കു ബാധകമാവുകയില്ല. ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ, പരമാധികാരത്തിന്റെ നാമത്തിൽ ഫെഡറേഷൻ ലീസ്റ്റിൽപ്പെട്ട കായ്ങ്ങൾ അവരുടെ രാജ്യത്തു നടപ്പാക്കാൻ പാടില്ലെന്നു വാദിക്കുന്ന കാലമാണ്. രാജ്യരക്ഷ കമ്മ്യൂണിക്കേഷൻ മുതലായ കായ്ങ്ങളിൽ ഒഴികെ മറവുള്ള കായ്ങ്ങളിൽ ഒന്നും യൂണിയന്റെ നിയമങ്ങൾ ബാധകമല്ലെന്നു ചില നാട്ടുരാജ്യങ്ങൾ വാദിക്കുന്നുണ്ട്. അതുകൊണ്ട് ഇന്ത്യാഗവൺമെണ്ട് ഈ വഴിക്കു നടത്തുന്ന പ്രവർത്തനങ്ങൾ എത്രമാത്രം നാട്ടുരാജ്യങ്ങൾക്ക് ഗുണമാകാൻ പോകുന്നു എന്നു എനിക്കു സംശയം ഉണ്ട്. സാമൂഹ്യരക്ഷാവ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനു വേണ്ടി സമഗ്രമായ ഉദ്ദേശം ഇന്ത്യാഗവൺമെണ്ടിനുണ്ടെങ്കിലും അതെല്ലാം കണക്കിച്ച് ഒരു ബില്ലുകൊണ്ടോ ഒരു പദ്ധതികൊണ്ടോ നടപ്പിൽ വരുത്താൻ സാധിക്കുമെന്നു തോന്നി ചരിക്കുന്നില്ല. ഇവിടെ പ്രസംഗിച്ച സുഹൃത്തുക്കൾ പ്രധാനമായി തൊഴിലാളികളുടെ രക്ഷാവ്യവസ്ഥയെപ്പറ്റി ആണ് പറഞ്ഞതു. അതിനു വേണ്ടി ഫൻ ൪൪ ഏപ്രിൽമാസത്തിൽ ഒരു നിയമം പാസ്സാക്കീട്ടുണ്ട്. അതിനു "Employees' State Insurance Act" എന്നാണ് പേർ. അതു നാട്ടുരാജ്യങ്ങൾക്കു ബാധമല്ല. അതു പ്രോവിൻസുകളിൽ മാത്രമെ ബാധിക്കുകയുള്ളൂ. ഈ നിയമംകൊണ്ട് തൊഴിലാളികൾക്കു പലവിധത്തിലുള്ള ആനുകൂല്യങ്ങളും കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആനുകൂല്യങ്ങളെ ആ നിയമത്തിൽ Benefits എന്നാണ് പറയുന്നതു. അതിൽ പ്രധാനപ്പെട്ട ചിലതു ഇവിടെ പറയാം. 'Sickness Benefit's—അതായതു രോഗം വരുമ്പോൾ കൊടുക്കുന്ന ആനുകൂല്യങ്ങൾ; 'Maternity Benefits'— സ്ത്രീതൊഴിലാളികൾക്ക് ഗർഭകാലംമുതൽ പ്രസവസംബന്ധമായും മറവും നല്കുന്ന ആനുകൂല്യങ്ങൾ; 'Disablement Benefits'—പ്രവൃത്തിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന കാലത്തു് അവർക്ക് അപകടങ്ങൾമൂലം പ്രവൃത്തി ചെയ്യുവാൻ കഴിവില്ലാതെ വരുന്ന സന്ദർഭങ്ങളിൽ നൽകുന്ന ആനുകൂല്യങ്ങൾ; 'Dependence Benefits'- അവരെ ആശ്രയിച്ചു ജീവിക്കുന്നവർക്കു കൊടുക്കാനുള്ള ആനുകൂല്യങ്ങൾ; ഒടുവിൽ 'Medical Benefits'—അതായതു് രോഗചികിത്സ മുതലായവക്കു നൽകുന്ന ആനുകൂല്യങ്ങൾ—ഇങ്ങിനെ അഞ്ചു വിധത്തിൽ ഉള്ള ആനുകൂല്യങ്ങൾ പ്രത്യേകം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ നൽകുവാൻ വേണ്ടി ഒരു Corporation ഉണ്ടാക്കണമെന്നാണ് ആ നിയമംമൂലം ഉദ്ദേശിക്കുന്നതു്. അതിൽ Corporation എന്നു വച്ചാൽ ലിമിറ്റഡ് കമ്പനി എന്നല്ല അർത്ഥം. ഇതു നടപ്പിൽ വരുത്തുവാനുള്ള ഒരു സംഘമാണ് 'Employees' State Insurance Corporation എന്നതു്. അങ്ങിനെയുള്ള ഒരു Corporation ആയിരിക്കും ഈ വിധത്തിലുള്ള ആനുകൂല്യങ്ങൾ കൊടുക്കുക. അതു് ഇതുവരെ ഇന്ത്യാഗവൺമെണ്ട് സ്ഥാപിച്ചു കഴിഞ്ഞിട്ടില്ല. ഫൻ ൪൪ ഏപ്രിൽമാസത്തിലാണ് ഈ നിയമം പാസ്സായതു്. Corporation ഇനിയും സ്ഥാപിച്ചുകഴിഞ്ഞിട്ടില്ല. എല്ലാ പ്രോവിൻസുകളിലും ഈ ബിൽ ബാധകമാകുമെന്നു പറയുന്നുണ്ട്. ഇതു പരിശോധിച്ചു നോക്കുമ്പോൾ, ദൗർഭാഗ്യവശാൽ അതിൽ ഒരു ഭാഗത്തിൽ നാട്ടുരാജ്യങ്ങൾക്കു് ഇതു ബാധകമല്ലെങ്കിലും അവിടങ്ങളിലെ തൊഴിലാളികളെ കൂടി വേണമെങ്കിൽ സഹായിക്കണമെന്നു വെച്ച് അതിൽ ഒരു വകുപ്പു ചേർത്തിട്ടുണ്ട്. ൯൫-ാം വകുപ്പ്ൽ ഇങ്ങിനെ പറയുന്നു:—

The Employees' State Insurance Corporation. "The Corporation may, at the request of the Government of an Indian State and with the previous permission of the Central Government and subject to such conditions as may be imposed by it, undertake to discharge in the Indian State any duty which may be specified in a State law corresponding to this Act"

ഇങ്ങിനെയാണ് ഈ നിയമം നാട്ടുരാജ്യങ്ങളിൽ വരാത്തതുകൊണ്ടുള്ള ദോഷത്തെ പരിഹരിക്കുവാൻ ഉദ്ദേശിക്കപ്പെടുന്നതു്. അതായതു് ഫൻ ൪൪-ൽ Central Act അനുസരിച്ചു നടപ്പിൽ വരുന്ന Corporation ൽ ഏതെങ്കിലും നാട്ടുരാജ്യ ഗവൺമെണ്ടുകൾ അപേക്ഷിക്കയാണെങ്കിൽ അവിടത്തെ നിയമമനുസരിച്ചുള്ള ആനുകൂല്യങ്ങൾ ഇവിടെ കൊടുക്കാനും ഈ Corporation നു ചുമതല വഹിക്കാമെന്നാണു പറയുന്നതു്. ഇന്ത്യാഗവൺമെണ്ടിലെ ബില്ലിൽ അടങ്ങീട്ടുള്ള ആദർശങ്ങളോടുകൂടി ഞാൻ യോജിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ ആദർശങ്ങളോടുംകൂടിയും ഞാൻ യോജിക്കുന്നു. ഇന്നത്തെ പരിതസ്ഥിതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ ആക്ട് അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ഈ നാട്ടിലെ തൊഴിലാളികൾക്ക കിട്ടുവാൻ സൌകര്യമില്ലെങ്കിലും, ഇതനുസരിച്ചുള്ള മറെറാരു നിയമം ഇവിടെ നടപ്പിൽ വരുത്തി ഈ Corporation നെക്കൊണ്ട് ആനുകൂല്യങ്ങൾ കൊടുപ്പിക്കണമെന്നാണ എന്റെ പരിമിതമായ അഭിപ്രായം. അതുകൊണ്ട് ആ വഴിക്കുള്ള ശ്രമങ്ങൾ ഗവർമ്മെണ്ട ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട അരണാട്ടുകര മെമ്പർ ഈ ഉപക്ഷേപം അവതരിപ്പിച്ചുതുകൊണ്ട് ഈ സംഗതി പ്രസ്താവിക്കാൻ സന്ദർഭം ലഭിച്ചതിൽ എനിക്ക വളരെ സന്തോഷമുണ്ട്. ഈ നിയമനിർമ്മാണം വന്നാൽക്കൂടി സാമൂഹ്യരക്ഷാവ്യവസ്ഥകൾ പൂർണ്ണമായിയെന്ന ഞാൻ വിചാരിക്കുന്നില്ല. തൊഴിലാളികൾക്ക വേണ്ട അനേകം രക്ഷകളിൽ ഒന്ന് ഈ, വിധത്തിൽ കിട്ടുമെന്ന മാത്രമേ അതിനർത്ഥമുള്ളു. തൊഴിലാളികൾ നമ്മുടെ ജനങ്ങളിൽ ഒരു വിഭാഗം മാത്രമാണ്. മറെറ വിഭാഗങ്ങൾക്കും കൂടുതലായി പലവിധത്തിലുള്ള സാമൂഹ്യരക്ഷകൾ ആവശ്യമാണ്. ബഹുമാനപ്പെട്ട പറപ്പൂക്കരമെമ്പർ അങ്ങിനെയുള്ള ചിലകാര്യങ്ങളെ സ്പർശിക്കുകയുണ്ടായി. അതെല്ലാം യഥാർത്ഥത്തിൽ ബുദ്ധിമുട്ടുകളാണെന്ന നമുക്കറിയാം. മനുഷ്യൻ ദുരിതം അനുഭവിച്ചുകൊള്ളണമെന്നില്ല. മനുഷ്യൻ കഷ്ടപ്പാടുകൾ അനുഭവിച്ചു കൊള്ളണമെന്നില്ല. ബുദ്ധിപൂർവ്വകമായി ഈ വക കാര്യങ്ങളെ നിയന്ത്രിച്ച്, സംഘടിച്ചു പ്രവർത്തിക്കുകയാണെങ്കിൽ തീർച്ചയായും ഇന്നത്തെ കഷ്ടപ്പാടുകൾക്കെല്ലാം ഒരു പരിഹാരമുണ്ടാക്കി മനുഷ്യർക്ക സുഖമായി ജീവിക്കാൻ സൌകര്യപ്പെടുന്ന ഒരു വ്യവസ്ഥ ലോകത്തിൽ കൊണ്ടുവരാൻ സാധിക്കുന്നതാണെന്ന മറെറ പലരുടേയും അഭിപ്രായത്തോടൊപ്പം ഞാനും വിശ്വസിക്കുന്നു. അതിൽപ്പെട്ട ഒന്നാണ് ഈ നിയമനിർമ്മാണ പദ്ധതികൾ ഈ കാര്യത്തിൽ ഗവർമ്മെണ്ടിനുവേണ്ടി എനിക്ക് ഇപ്പോൾ പറയാനുള്ളത് ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞഅഭിപ്രായമനുസരിച്ച്, ഇന്ത്യാഗവർമ്മെണ്ടിന്റെ ഫൻ ർ വ്യ-ലെ ഇൻഷ്വറൻസ് ആക്ട് അനുസരിച്ച് അതുപോലെയുള്ള നിബന്ധനകൾ ഇവിടേയുംനടപ്പിൽ വരുത്തുന്നതിനു് അചിരേണ ശ്രമിക്കുന്നതാണെന്നാണ്. ഉടനെതന്നെ ഇതിനുവേണ്ട നടപടികളെടുക്കുന്നതാണ്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി : സർ, സാമൂഹ്യരക്ഷാവ്യവസ്ഥ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചു ഗവർമ്മെണ്ടു വേണ്ടിടത്തോളം ചിന്തിച്ചിട്ടുണ്ടെന്നും ഇൻഡ്യാഗവർമ്മെണ്ടു് അടുത്ത നടപ്പിൽ വരുത്തുവാൻ പോകുന്ന പദ്ധതിയെ അനുകരിച്ചു സാമൂഹ്യരക്ഷാകരമായി ഇവിടെയും ഒരു പദ്ധതി ഏർപ്പെടുത്തി തൊഴിലാളികൾക്ക രക്ഷ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും പറഞ്ഞതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. എനിക്ക എറവും സന്തോഷം തോന്നിയതു് മനുഷ്യസമുദായത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിഷമതകൾ,എല്ലാം മനുഷ്യകൃതങ്ങളാണെന്നുള്ള വീക്ഷണഗതിയുള്ള ഒരു മന്ത്രി ഈ തൊഴിൽകാര്യങ്ങൾ കൈകാര്യം ചെയ്യുന്നു എന്നുള്ളതിലാണ്. അപ്രകാരമുള്ള ഒരു വീക്ഷണഗതി പുതിയ ഒരു രാഷ്ട്രത്തിന്റെ ഭരണാധിപന്മാരിൽ ഉണ്ടാകേണ്ടതും അത്യന്താപേക്ഷിതമാണെന്ന വസ്തുത ഞാൻ ഈ സഭയേയും അവരേയും ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. മനുഷ്യന്റെ വിഷമതകൾ ഈശ്വരകല്പിതങ്ങളാണെന്നും മിക്കവാറും അപരിഹാര്യങ്ങളാണെന്നും ഉള്ളവിശ്വാസത്തിന്മേൽ അടിയുറച്ചൊരു സമുദായമാണ് നമ്മുടേതു്. ദുരിതങ്ങളും ക്ലേശങ്ങളുമെല്ലാം സ്വർഗ്ഗത്തിൽ വേണം പരിഹരിക്കപ്പെടുവാനെന്ന വിശ്വസിക്കുന്ന ജനസമുദായത്തെ അങ്ങിനെയല്ലെന്ന ഓർമ്മപ്പെടുത്തുവാനുള്ള ഒരവസരം ഇപ്രകാരം പുതിയ വീക്ഷണഗതിയുള്ള ഗവർമ്മെണ്ടിൽനിന്നുമാത്രമേ ഉണ്ടാകയുള്ളു. ഈ വീക്ഷണഗതിയുള്ള ഒരു മന്ത്രിയുടെ പരിശ്രമത്തിന്റെ ഫലമായി തൊഴിലാളികളുടേയും കർഷകരുടേയും മറെറ സാധാരണക്കാരുടേയും സാമൂഹ്യജീവിതത്തിന്നാവശ്യമായ രക്ഷാവ്യവസ്ഥകൾ ഉണ്ടാകുമെന്ന ഞാൻ വിശ്വസിക്കുന്നു. എനിക്ക വീണ്ടും പറയുവാനുള്ളതു് നമ്മുടെ രാജ്യഭരണം ഏറെറടുത്തു നടത്തുന്ന വ്യക്തികൾ പഴയ സമ്പ്രദായത്തിൽനിന്നും മാറി ഒരു സാമൂഹ്യരക്ഷാവീക്ഷണഗതിയുള്ളവരാണെന്ന കാണുന്നതിൽ ഞാൻ ഏറവും സന്തോഷിക്കുന്നു എന്നാണ്. സാമൂഹ്യക്ഷേമത്തെക്കുറിച്ചു ഏതു പേർ ആത്മാർത്ഥതയോടുകൂടി വാഗ്ദാനം ചെയ്താലും മനുഷ്യരുടെ ദുരിതങ്ങൾക്കു നിവാരണമുണ്ടാകുവാൻ പോകുന്നില്ലെന്ന വിശ്വസിക്കുന്ന ഒരു കാലമാണിതു്. അതുകൊണ്ടു ഈ അസംബ്ലിയിലുള്ള എന്റെ സഹപ്രവർത്തകന്മാരായ സാമാജികന്മാർക്കും ഉത്തരവാദപ്പെട്ട മന്ത്രിമാർക്കും സാമൂഹ്യരക്ഷാവ്യവസ്ഥയെക്കുറിച്ചുള്ള ശരിയായ ബോധമുണ്ടായിക്കാണുന്നതിൽ നമ്മുടെ രാജ്യത്തിന്റെ ഭാവി അനുഗ്രഹീതമായിത്തീരുന്നു എന്നുപറയാതെ നിവൃത്തിയില്ല. ഒറെറക്കൊറെറക്കുള്ള വ്യക്തികളുടെ ദുരിതങ്ങളെല്ലാം പരിഹരിച്ചു അങ്ങിനെ ഒരു സാമൂഹ്യരക്ഷ നേടാം എന്ന വ്യാമോഹം നമ്മുടെ ഇടയിൽ ആർക്കും ഉണ്ടാകു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Mundassoeri]

മെന്നു തോന്നുന്നില്ല. ഒരു രാഷ്ട്രത്തിന്റെ അഭ്യുന്നതിക്കു കാരണമാകുന്നതു് അവിടത്തെ സാമൂഹ്യരക്ഷാവ്യവസ്ഥയാലും ജനങ്ങളുടെയിടയിൽ ഉണ്ടാകേണ്ടിയിരിക്കുന്ന പരിഷ്കൃത ബോധത്താലും മാത്രമാണു്. ഇൻഡ്യാഗവമ്മേണ്ടിന്റെ നിർദ്ദേശം അനുസരിച്ചുള്ള രക്ഷാവ്യവസ്ഥകൾ ഈ കൊച്ചു കൊച്ചിയിലും ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ചെയ്യുവാൻ നമ്മുടെ ഗവമ്മേണ്ടു് പിൻനില്ക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

CUTMOTION No. 2.

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: സർ, ഞാൻ അവതരിപ്പിക്കുന്ന കട്മോഷൻ ഇതാണു്.

"To reduce the allotment of Rs. 24,982 for Labour (Total) in Demand No. 40 by Re. 1 (Setting up of an Industrial Court, in the place of the Adjudicator, with wide jurisdiction to try and enforce trade disputes of all kinds.)

സർ, തൊഴിൽതർക്കങ്ങളവസാനിപ്പിക്കുവാൻ ഇന്നത്തെ ഗവമ്മേണ്ടു് സ്വീകരിച്ചിട്ടുള്ള പദ്ധതി അതിനു തീരെ പര്യാപ്തമല്ലായെന്നുള്ളതു് ഗവമ്മേണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണു് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. തൊഴിൽവകുപ്പിന്റെ പ്രവർത്തനത്തെ സംബന്ധിച്ചു വളരെ കുറച്ചു മാത്രമേ എനിക്കു പരിചയമുള്ളുവെങ്കിലും പ്രത്യക്ഷത്തിൽ ഉദ്ദേശിക്കുന്ന ഫലം ഉണ്ടാക്കി കൊടുക്കുന്നില്ലായെന്നുള്ളതു് അതിന്റെ ഒരു സാമാന്യജ്ഞാനംകൊണ്ടുതന്നെ എനിക്കു കാണുവാൻ സാധിച്ചിട്ടുണ്ടു്. തൊഴിൽശാലകളിലെ തൊഴിലാളിവർഗ്ഗവും, തൊഴിൽശാലാഉടമസ്ഥനും തമ്മിൽ തർക്കമുണ്ടായാൽ അതിനെ സംബന്ധിച്ചു ഗവമ്മേണ്ടിൽനിന്നു് അധികൃതമായ പ്രാഥമികാന്വേഷണം നടത്തി, എല്ലാം കാര്യങ്ങളിലാണു് തൊഴിലാളികളും തൊഴിൽശാലാഉടമസ്ഥനും തമ്മിൽ അഭിപ്രായവ്യത്യാസമുള്ളതു് എന്നറിഞ്ഞു തീരുമാനം ചെയ്യുവാൻ, അഡ്ജൂഡിക്കേറ്ററുടെ വിധിക്കു് ആ സംഗതി വിട്ടുകൊടുക്കുന്ന വ്യവസ്ഥയാണു് ഇന്നു കാണുന്നതു്. ഇങ്ങിനെയുള്ള പദ്ധതിയുടെ പ്രവർത്തനംകൊണ്ടു് പലതരത്തിലുള്ള വിഷമങ്ങളും, പ്രത്യേകിച്ചു് തൊഴിലാളിവിഭാഗക്കാർ അനുഭവിച്ചുവരുന്നുണ്ടെന്നാണു് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. ഈ തർക്കത്തെ സംബന്ധിച്ചു് പ്രാഥമികമായ അന്വേഷണത്തിനുശേഷം അതിലുള്ള സംഗതികളെ സംബന്ധിച്ചു തീരുമാനംചെയ്തു് ഒരു തീർപ്പു കല്പിച്ചു് അഡ്ജൂഡിക്കേറ്റർ റിപ്പോർട്ടുചെയ്തശേഷം കല്പന പുറപ്പെടുവിക്കുന്നതിനു വളരെ കാലതാമസം വരുന്നുവെന്നുള്ളതു പ്രസിദ്ധമാണു്. ഈ കാലതാമസംകൊണ്ടു് ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടതു് തൊഴിലാളികളാണു്. ഇങ്ങിനെ വരുന്ന കാലതാമസം രണ്ടു വിഭാഗക്കാർക്കും ഒരുപോലെ ബാധകമാകണമെന്ന ന്യായം യഥാർത്ഥത്തിൽ ശരിയല്ല. തൊഴിൽശാലാ ഉടമസ്ഥന്മാരെ സംബന്ധിച്ചു പറയുകയാണെങ്കിൽ എത്ര കാലതാമസം വന്നാലും അവർക്കതുകൊണ്ടു് യാതൊരു ദോഷവും തട്ടാനില്ല. എന്നാൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, തങ്ങളുടെ ദൈനംദിനജീവിതത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ചില കാര്യങ്ങളെ സംബന്ധിച്ചായിരിക്കും തീരുമാനമുണ്ടാകാൻ കാലതാമസം നേരിടുന്നതു് എങ്കിൽ അതു വളരെ നിർഭാഗ്യകരവും ശോചനീയവുമായിരിക്കും. അങ്ങിനെ വരുമ്പോൾ എത്രയും വേഗത്തിൽ വരുത്തേണ്ടതു് തൊഴിലാളിവിഭാഗത്തിന്റെ താല്പര്യത്തിനു് ആവശ്യമാണു് ഇന്നു വരുന്ന ഈ കാലതാമസം അവസാനിപ്പിക്കുന്നതിനു് ഏതെങ്കിലും ഒരു പുതിയ പദ്ധതി സ്വീകരിക്കണം എന്നുള്ളതാണു് ഈ ഉപക്ഷേപത്തിൽ ആവശ്യപ്പെടുന്നതു്. ഏതെങ്കിലും കാര്യങ്ങളിൽ, ഏതെങ്കിലുംവിധത്തിലുള്ള അഭിപ്രായവ്യത്യാസങ്ങൾ തൊഴിലാളികളും തൊഴിൽശാലാഉടമസ്ഥന്മാരും തമ്മിലുണ്ടായാൽ, മറ്റു കാര്യങ്ങളിൽ കോടതിയിൽ പോയി വിധി സമ്പാദിച്ചു് ഏതുവിധത്തിൽ ആ തർക്കം അവസാനിപ്പിക്കുന്നുവോ, അതുപോലെ ഇതിനു വിഘാതമായി നില്ക്കുന്ന പ്രാഥമികാന്വേഷണം കൂടാതെതന്നെ ഇതിനുവേണ്ടി സ്ഥാപിതമാകുന്ന കോടതിയുടെ മുമ്പിൽ തങ്ങളുടെ ആവലാതികൾ ബോധിപ്പിച്ചു് അതിനു തീരുമാനമുണ്ടാക്കുവാനുള്ള വ്യവസ്ഥ നിയമത്തിൽ ഉണ്ടാവുകയാണെങ്കിൽ രണ്ടു വിഭാഗക്കാരുടേയും ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിനും അവരുടെ അഭിപ്രായവ്യത്യാസങ്ങൾ അവസാനിപ്പിക്കുന്നതിനും ഉതകും എന്നുള്ളതാണു് എനിക്കു തോന്നുന്നതു്. ഇങ്ങിനെയുള്ള വ്യവസായകോടതികൾ പല രാജ്യങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ടു്. പ്രത്യക്ഷത്തിൽതന്നെ തൊഴിലാളിവർഗ്ഗത്തിനു് അസൌകര്യമാണെന്നു ബോദ്ധ്യപ്പെട്ടിരിക്കുന്ന ഈ കാലതാമസം പരിഹരിക്കുന്നതിനു് ഇങ്ങിനെയുള്ളകോടതികൾസ്ഥാപിച്ചു പ്രവർത്തിക്കുന്നതായിരിക്കും ഉത്തമമെന്നു ഗവമ്മേണ്ടിനെ ഉൽബോധിപ്പിക്കുവാൻ വേണ്ടിയാണു് ഈ

LIBRARY ARCHIVES Kerala Legislative Assembly

ഉപക്ഷേപം ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. അതിന്നു് ആവശ്യമായ ഒരു വ്യവസ്ഥ ഇന്നത്തെ നിയമത്തിലില്ല. സർ, വേറൊരു കാര്യംകൂടി ഇന്നത്തെ നിയമത്തിൽ ദോഷ വശമായി പറയുവാനുണ്ടു്. അഡ്ജൂഡിക്കേറ്റരുടെ അവാർഡുപ്രകാരം തൊഴിലാളിവി ഭാഗക്കാക്കു് കിട്ടേണ്ടതായ ആനുകൂല്യങ്ങളും തൊഴിൽശാലാഉടമസ്ഥൻ കൊടുക്കുന്നില്ലെങ്കിൽ അതു മേടിച്ചു കൊടുക്കുന്നതിനുള്ള വ്യവസ്ഥ ഇന്നത്തെ നിയമത്തിലില്ല. അഡ്ജൂഡിക്കേറ്റരുടെ തീർപ്പിലെ വ്യവസ്ഥകളും ഏതെങ്കിലും വിഭാഗക്കാർ ലംഘിക്കുന്നതായാൽ അവരെ പ്രോസിക്യൂട്ടുചെയ്യുന്നതിനുള്ള വ്യവസ്ഥകളും മാത്രമാണു് ഇന്നത്തെ നിയമത്തിലുള്ളതു്. അടുത്ത കാലത്തു് അഡ്ജൂഡിക്കേറ്ററുടെ തീർപ്പിനെ ചില തൊഴിൽശാലാഉടമസ്ഥന്മാർ ആക്ഷേപിക്കുക ഉണ്ടായിട്ടുണ്ടു്. അതിലുണ്ടായിരുന്ന ചില പ്രധാന വ്യവസ്ഥകളും ലംഘിച്ചു ചില മുതലാളിമാരെ പ്രോസിക്യൂട്ടുചെയ്യുക ഉണ്ടായിട്ടുണ്ടു്. പക്ഷെ അതുകൊണ്ടു് നിലവിലിരിക്കുന്ന തൊഴിൽതർക്കത്തിന്നു തീർപ്പുകല്പിക്കുന്ന വ്യവസ്ഥകൊണ്ടു് തൊഴിലാളിവിഭാഗത്തിന്നു ഗുണംകിട്ടുകയില്ല. ആ തീർപ്പിനെ ഉടനടി നടത്തിക്കൊടുക്കുവാനുള്ള വ്യവസ്ഥ ഉണ്ടായാൽ മാത്രമെ അഡ്ജൂഡിക്കേഷൻകൊണ്ടു് ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകയുള്ളു. അതുകൊണ്ടു് ഈ തീർപ്പുപ്രകാരം ഇവർക്കു കിട്ടുന്ന ആനുകൂല്യങ്ങളും, റെൻറ് കൺട്രോളർ ചെയ്യുന്ന വിധിപോലെയോ, അല്ലെങ്കിൽ കോഓപ്പറേറ്റീവ് രജിസ്ട്രാർ അദ്ദേഹത്തിന്റെ കോടതിയിൽ വിധിക്കുന്ന വിധിപോലെയോ ഉടൻതന്നെ അനുഭവിക്കാനുള്ള തരത്തിൽ കോടതികളിൽ നടത്തി Execute ചെയ്തു് നിവൃത്തി സമ്പാദിപ്പാനുള്ള വ്യവസ്ഥ ചെയ്യണ്ടതാണു്. അങ്ങിനെ ഇന്നത്തെ നിയമത്തിൽ ചില ഭേദഗതികളും വരുത്തി ഓരോ തൊഴിൽതർക്കത്തേയും വളരെ വേഗത്തിൽ അവസാനിപ്പിക്കുന്നതിനു ശ്രമിക്കേണ്ടതാണു്. ഇതാണു് ഈ ഉപക്ഷേപംമൂലം ഗവൺമെണ്ടിനോടാവശ്യപ്പെടുന്നതു്.

Mr. President: The motion has to be put to vote at 4-45.

Mr. P. Govinda Menon *(Minister for Finance and Law)*: How many minutes can I have, Sir?

Mr. President: How many minutes the Hon'ble Minister wants?

Mr. P. Govinda Menon *(Minister for Finance and Law)*: I can finish in one minute or one hour, Sir.

Mr. President: Yes.

* മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, തൊഴിലാളികളും മുതലാളികളും തമ്മിലുള്ള ബന്ധങ്ങളും നിർണ്ണയിക്കേണ്ടതു് ഏതുവിധത്തിലുള്ള നിയമങ്ങൾകൊണ്ടാണെന്നുള്ള കാര്യത്തിൽ വാസ്തവത്തിൽ നാം ഇന്നു തപ്പിത്തടയുകയാണു്. ഫാക്ടറി-ാമാണ്ടുവരെ കൊച്ചിരാജ്യത്തു തൊഴിലാളികളെ സംബന്ധിക്കുന്ന യാതൊരുനിയമവും ഉണ്ടായിരുന്നില്ല. ഫാക്ടറി-ൽ ആണു് ട്രേഡ്യൂണിയൻ ആക്ടു്, ട്രേഡ്ഡിസ്പ്യൂട്ടു് ആക്ടു് തുടങ്ങിയ എതാനും ചില നിയമങ്ങൾ കൊച്ചിരാജ്യത്തിൽ ഇന്ത്യാഗവർമ്മെണ്ടിന്റെ നിയമങ്ങളെ അനുകരിച്ചു നടപ്പിൽവരുത്തിയതു്. ഈ നിയമങ്ങൾ തൊഴിലാളികളും മുതലാളികളുംതമ്മിലുള്ള ബന്ധങ്ങളെ നിർണ്ണയിക്കുന്നതിനു കേവലം അപര്യാപ്തങ്ങളാണു്. എന്നാൽ രണ്ടാം ലോകമഹായുദ്ധകാലത്തു നമുക്കു പല പാഠങ്ങളും പഠിക്കുവാൻ സാധിച്ചു. ആ യുദ്ധത്തിന്റെഘട്ടത്തിൽ നമ്മുടെനാട്ടിൽ ഉല്പാദനങ്ങൾ വർദ്ധിപ്പിക്കേണ്ടതു് ആവശ്യമായിവന്നു. യുദ്ധത്തിന്റെ വിവിധരംഗങ്ങളിൽ, പട്ടാളത്തിലും, കപ്പൽസേനയിലും, വിമാനപ്പടയിലും ചേർന്നിട്ടുള്ള നമ്മുടെ നാട്ടുകാർക്കു ധരിക്കുവാൻവേണ്ട വസ്ത്രങ്ങളും നാട്ടിലുള്ളവർക്കു രക്ഷിക്കുവാൻവേണ്ട വിഭവങ്ങളും ഉണ്ടാക്കേണ്ട ചുമതല രാജ്യത്തിനുണ്ടായി. അങ്ങിനെ ഉല്പാദനം വർദ്ധിപ്പിക്കുകയും വിതരണം കുറെകൂടി വിസ്തൃതമാക്കുകയും ചെയ്യുന്ന ഒരു ഘട്ടം യുദ്ധംമൂലം നമുക്കു നേരിട്ടപ്പോൾ പല പുതിയ പാഠങ്ങളും നമുക്കു പഠിക്കുവാൻ സംഗതിയായി. തൊഴിലാളികൾ ഉല്പാദനം വർദ്ധിപ്പിക്കുണമെന്നുണ്ടെങ്കിൽ അവർക്കു ചില ആനുകൂല്യങ്ങൾ കൊടുക്കേണ്ടതുണ്ടെന്നു യുദ്ധത്തിന്റെ നാമധേയത്തിൽഗവൺമെണ്ടിനുബോദ്ധ്യപ്പെട്ടു. ഞാൻ കൊച്ചിഗവൺമെണ്ടിനെയല്ല, ഇന്ത്യാഗവൺമെണ്ടിനെപ്പറ്റിയാണു് പറയുന്നതു്. ഇന്ത്യാഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടു. അങ്ങിനെ ബോദ്ധ്യപ്പെട്ടതിന്റെഫലമായി ഡിഫൻസ് ഓഫ് ഇന്ത്യാ റൂൾസാണു് ആദ്യമായുണ്ടായതു്. ഇന്നു നാം എവരും ഉപയോഗിക്കുന്ന പലവിധത്തിലുള്ള തൊഴിലാളിനിയമങ്ങളുടെ ബീജങ്ങൾ അതിൽനിന്നാണു് ഉണ്ടായതു് എന്നു പറഞ്ഞാൽ ഒരുപക്ഷെ അത്ഭുതകരമായി തോന്നിയേക്കാം. ഡിഫൻസ് ഓഫ്

* Speech not corrected of by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ഇന്ത്യാ ഗവർമ്മെൻറ് സെക്ഷൻ വൃ ത്രൽ തൊഴിലാളികളും ചില പ്രത്യേക വ്യവസായശാലകളിൽ പണിമുടക്കാൻ പാടില്ലെന്നു നിശ്ചയിച്ചിരുന്നു. തൊഴിലാളികൾക്കു ഏതെങ്കിലുംവിധത്തിലുള്ള ആവശ്യങ്ങൾ സാധിക്കേണ്ടതുണ്ടെങ്കിൽ അതിനു് അഡ്ജൂഡിക്കേഷൻ വ്യവസ്ഥ ആകാം എന്ന നിയമം വന്നതു ഡിഫൻസ് ഓഫ് ഇന്ത്യാ റൂൾസ് അനുസരിച്ചാണ്. ആ നിയമമനുസരിച്ചാണ് ഇന്നും കൊച്ചിയിൽ അഡ്ജൂഡിക്കേഷൻ നടക്കുന്നതു്. ബോംബെ സംസ്ഥാനത്തിൽ അവിടത്തെ ലേബർ മന്ത്രിയായ പ്രസിദ്ധനായ ഗുസാരിലാൽനന്ദ അവിടത്തെ തൊഴിലാളികളും മുതലാളികളുംതമ്മിലുള്ള തർക്കം തീർക്കുന്നതിനു് ഒരു പ്രത്യേക നിയമനിർമ്മാണംതന്നെ ഉണ്ടാക്കീട്ടുണ്ടു്. ഇന്ത്യാഗവർമ്മെണ്ടു് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് എന്നപേരിൽ ബോംബെയിലെനിയമത്തിൽനിന്നും അല്പംഭിന്നമായ ഒരു നിയമമുണ്ടാക്കീട്ടുണ്ടു്. ഇതെല്ലാം യുദ്ധാനന്തര പരിണാമങ്ങളാണ്. ഈ നിയമസഭയിൽതന്നെ ഗവർമ്മെണ്ടഭ്യർത്ഥനനിന്നു് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് കൊണ്ടുവരുകയുണ്ടായി. അതിൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ നിയമം, ഇൻഡസ്ട്രിയൽ കോടതിനിയമം മുതലായവകൾക്കു വ്യവസ്ഥയുണ്ടു്. അഡ്ജൂഡിക്കേഷൻ ഈ വ്യവസ്ഥകളിൽ വികസിച്ചുണ്ടായതാണു്. അതിൽ ബഹുമാനപ്പെട്ട തുള്ളർമെമ്പർ പറഞ്ഞ പല ദോഷങ്ങളും ഉണ്ടെന്നു ഞാൻ സമ്മതിക്കുകയും ചെയ്യാം. അതുകൊണ്ടാണു് ഞാൻപറഞ്ഞതു് ഈവകകാര്യങ്ങളിൽ മിക്കവാറും ഒരു താല്പര്യമടയൽതന്നെയാണുള്ളതെന്നു്. നമുക്കനുസരിക്കാൻ മാതൃകകളും ഇല്ല. ഇംഗ്ലണ്ടിലും, അമേരിക്കയിലും, മറ്റുരാജ്യങ്ങളിലും തൊഴിലാളികളും മുതലാളികളുംതമ്മിലുള്ള തർക്കങ്ങൾ തീരുമാനിക്കുന്നതിനു എന്തെങ്കിലും വ്യവസ്ഥകളുള്ളതായി ഞാൻ അറിയുന്നില്ല. അതുകൊണ്ടു് മാതൃകകളില്ലാതെ നാംതന്നെ ആലോചിച്ചു തൊഴിലാളികളെ സംബന്ധിച്ചുള്ള പുതിയ നിയമങ്ങൾ—തെറ്റിയും തെറ്റു തിരുത്തിയുംകൊണ്ടു—ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണു്. ബഹുമാനപ്പെട്ട സഭാംഗങ്ങൾക്കു് ഈ വിഷയത്തിൽ അനുഭവംകൊണ്ടും മറ്റുമുള്ള വിവരങ്ങൾ ഇതിനെസംബന്ധിച്ചുള്ള നിയമനിർമ്മാണം വരുന്ന അവസരത്തിൽ ഉപയോഗിക്കാവുന്നതാണു്. ഇതിനെസംബന്ധിച്ചു ഗവർമ്മെണ്ടിൽനിന്നു കൊണ്ടുവരുന്ന ബിൽ സെലക്ടുകമ്മിറ്റിയ്ക്കയക്കുന്നതാണു്. അതിൽ നിങ്ങൾക്കാവശ്യമുള്ള ഭേദഗതികൾ ചെയ്യാവുന്നതാണു്. ബഹുമാനപ്പെട്ട മെമ്പർമാർക്കു അതിന്റെ കുറവും കുറവും തിർക്കാവുന്നതാണു്. തൊഴിലാളികളും മുതലാളികളുംതമ്മിലുള്ള തർക്കങ്ങൾ തീർക്കുന്നതിനും മറ്റും പയ്യാപ്തമായ വകുപ്പുകൾ അതിൽ ചേർക്കാവുന്നതാണു്. ഇവിടെവരുന്ന ബില്ലിൽ അടങ്ങുന്ന വ്യവസ്ഥകൾ വളരെ തൃപ്തികരമായി, പരിപൂർണ്ണമായി നമുക്കു ഗ്രഹണംചെയ്യാൻ പയ്യാപ്തമാണെന്നു ഞാൻ അഭിമാനിക്കുന്നില്ല. അതുകൊണ്ടാണു് ഞാൻ വേണ്ട മാതൃകകളില്ലെന്നു പറഞ്ഞതു്. അതിൽ ബഹുമാനപ്പെട്ട മെമ്പർമാർ ഈയവസരത്തിൽ വേണ്ട നിർദ്ദേശങ്ങൾ തന്നു് ഇവിടെവരുന്ന ബില്ലിനെ വേണ്ടവിധത്തിൽ നന്നാക്കിത്തീർക്കുന്നതിനുപേക്ഷിക്കുന്നു. ഈ നിലയിൽ ഈയവസരത്തിൽ ഈ ഉപക്ഷേപം ആവശ്യമില്ലെന്നു ഞാൻ അദ്ദേഹത്തെ ഉൽബോധിപ്പിക്കുന്നു.

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: സർ, ഞാൻ സഭയുടെ അനുവാദത്തോടുകൂടി ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Mr. P. K. Dewer (*Labour*). May I request the Chair to give us 15 minutes for this subject in view of its importance?

Mr. President: In that case other subjects will have to suffer.

Mr. P. K. Dewer (*Labour*): I think we will be able to cover the whole agenda in time. I say this in view of the importance of the subject.

Mr. President: Yes, I am only bringing to the notice of the Hon'ble members that the original time I have allotted is 40 minutes for labour; in view of the fact that we gained 15 minutes from the question time I have revised it and put 50 minutes for Labour. Now we have reached one hour and for the Uplift of the Depressed Classes I havegiven 100 minutes. I have not the least objection if the House wants to cut down the timeallotted for other heads.

Mr. P. K. Dewer (*Labour*): Sir, when we go to the Income-tax and Sales-tax, there will be practically nothing for discussion.

Mr. K. Balakrishna Marar (*Trichur North*): It may be even probable that under the Uplift of the Depressed Classes, many of the motions will not be moved.

Mr. President: If that is the sense of the House, there is no objection for that. Any ther Hon'ble member to speak on this motion?

LIBRARY ARCHIVES Kerala Legislative Assembly

Mr. P. K. Dewer (*Labour*): Not on this motion, Sir, we want to speak on the next one.

CUT MOTION No. 3

മിസ്റ്റർ എം. കെ. മേനോൻ: സർ, ഞാനവതരിപ്പിക്കുന്ന ഉപക്ഷേപം ഇതാണു്.

To reduce the allotment of Rs. 24,982 for Labour (Total) in Demand No. by—Re. 1

(തൊഴിൽകായ്ക്കുങ്ങളിൽ വൈദഗ്ദ്ധ്യമുള്ള ഒരാളെ തൊഴിൽകായ്ക്കുവകുപ്പിന്റെ മേലദ്ധ്യക്ഷനായി നിയമിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചു ചർച്ചചെയ്യുവാൻ)

സർ, തൊഴിൽകായ്ക്കുങ്ങളിൽ വൈദഗ്ദ്ധ്യമുള്ള ഒരാളെ തൊഴിൽകായ്ക്കുവകുപ്പിന്റെ മേലദ്ധ്യക്ഷനായി നിയമിക്കുവാനാണു് ഈ കട്ടമോഷൻകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. ഈ മാതിരിയുള്ള ഡിപ്പാർട്ട്മെന്റ മേലദ്ധ്യക്ഷനെ വേണമെന്നു പറയുന്നതു് നിലവിലുള്ള മേലദ്ധ്യക്ഷനെ മാറാൻ വേണ്ടിയാണെന്നു് ആരെങ്കിലും ധരിക്കുന്നതായാൽ അതിൽ എനിക്കു വ്യസനമുണ്ടു്. വ്യക്തിപരമായ കായ്ക്കുങ്ങളെക്കുറിച്ചോ, ആളെക്കുറിച്ചോ ഉള്ള ചർച്ചയിൽ എപ്പെടണമെന്നു് എനിയ്ക്കാഗ്രഹമില്ല. തൊഴിൽകായ്ക്കുങ്ങളും ഒരു പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യപ്പെടുന്ന കായ്ക്കുങ്ങളാണ എന്നുള്ളതുകൊണ്ടു് ആ ഡിപ്പാർട്ട്മെണ്ടു കൈകായ്ക്കും ചെയ്യുന്ന ആളും ആ വിഷയത്തിൽ പ്രത്യേകമായ വൈദഗ്ദ്ധ്യമുള്ള ആളായിരിക്കണം എന്ന മാത്രമാണു ഞാൻ ഈ ഉപക്ഷേപംകൊണ്ടു ഉദ്ദേശിക്കുന്നതു്. ഈ ഡിപ്പാർട്ട്മെണ്ടിന്റെ അദ്ധ്യക്ഷനായ ഇന്നത്തെ ആളെ സംബന്ധിച്ചോ, ഇതിനു മുമ്പുണ്ടായിരുന്ന ആളെ സംബന്ധിച്ചോ എനിയ്ക്കൊന്നും പറയുവാനില്ല. തൊഴിലാളികായ്ക്കുങ്ങളും ഇന്നു ഏറ്റവും ഗൌരവാവഹമായ ഒരു കാലഘട്ടത്തിലേക്കു് നീങ്ങുകയാണു്. തൊഴിലാളിസംഘടനകളെ ഒരു രാഷ്ട്രീയകക്ഷി അവരുടെ ശക്തി വർദ്ധിപ്പിക്കുവാൻവേണ്ടി ഉപയോഗിച്ചു നാട്ടിൽ കുഴപ്പവും സ്തംഭനം ഉണ്ടാക്കാൻ പരിശ്രമിക്കുന്ന ഇക്കാലത്തു തീച്ചയായും തൊഴിൽകായ്ക്കുങ്ങളും നല്ലപോലെ കൈകായ്ക്കുംചെയ്യാൻ സാധിക്കുന്ന ഒരു വ്യക്തി ആ ഡിപ്പാർട്ട്മെന്റിന്റെ മേലദ്ധ്യക്ഷനായിരിക്കണമെന്നുള്ളതു നിർവ്വിവാദമാണു്. തൊഴിൽകായ്ക്കുങ്ങളും മനഃശാസ്ത്രപരമായും, സാമൂഹ്യശാസ്ത്രപരമായും അറിവു സമ്പാദിച്ചു കൈകായ്ക്കും ചെയ്യേണ്ട ഒന്നാണു്. ഇങ്ങിനെ അറിവും പരിചയവുമുള്ള ഒരാളായിരിക്കണം ഈ ഡിപ്പാർട്ട്മെന്റിന്റെ അദ്ധ്യക്ഷൻ എന്നാണു് എനിയ്ക്കു പറയുവാനുള്ളതു്. കൂടുതൽ കായ്ക്കുങ്ങളും ഞാൻ ഇപ്പോഴും പറയുവാൻ ആഗ്രഹിക്കുന്നില്ല. ഇതു ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുമെന്നുള്ള വിശ്വാസത്തോടുകൂടി എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മിസ്റ്റർ കെ. കരുണാകരൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. തൊഴിൽകായ്ക്കുവകുപ്പിന്റെ അദ്ധ്യക്ഷനായി ഇന്നു് ഒരാളുണ്ടു്. [illegible] ആണു് ഈ വകുപ്പിനെ പ്രത്യേകം തിരിച്ചു ഒരു ലേബർകമ്മീഷണറെ നിയമിച്ചതു്. അതുവരെ വാണിജ്യവ്യവസായവകുപ്പിൽ ചേർന്നിരിക്കുകയായിരുന്ന ഇതു്. ലേബർകമ്മീഷണരുടെ ജോലിയെപ്പറ്റി പറയുകയാണെന്നുണ്ടെങ്കിൽ അതു് അനവധിയാണു്. അദ്ദേഹം തൊഴിൽകുഴപ്പങ്ങളുണ്ടാകുമ്പോൾ കൺസീലിയേഷൻ ആഫീസറാണു്; ഫാക്ടറി ചീഫ്ഇൻസ്പെക്ടരാണു്. ഫാക്ടറി ആക്ടനുസരിക്കാത്ത ഫാക്ടറി ഉടമസ്ഥന്മാരുടെ മേൽ തക്കതായ നടപടി നടത്തുവാൻ അദ്ദേഹത്തിനധികാരമുണ്ടു്. ട്രേഡ്യൂണിയൻ റജിസ്ട്രാർ ആണു് അദ്ദേഹം. ഇങ്ങിനെയുള്ള പലവിധ ജോലികളും അദ്ദേഹത്തിലാണു് അർപ്പിച്ചിട്ടുള്ളതു്. ഈ വകുപ്പിന്റെ തലവനായിരിക്കുന്ന ഉദ്യോഗസ്ഥൻ ഇന്നു നമ്മുടെ നാട്ടിൽ തൊഴിലാളിപ്രസ്ഥാനവുമായി യാതൊരു പരിചയവുമില്ലാത്ത ആളാണു്. ഇവിടെ ലേബർകമ്മീഷണർമാരായി നിയമിക്കുന്നതു് ഒന്നുകിൽ റവന്യൂഡിപ്പാർട്ട്മെണ്ടിൽനിന്നോ, അല്ലെങ്കിൽ പോലീസുഡിപ്പാർട്ട്മെണ്ടിൽനിന്നോ, അല്ലെങ്കിൽ ദേവസ്വംഡിപ്പാർട്ട്മെണ്ടിൽനിന്നോആണു്. ഇങ്ങിനെ തൊഴിൽകായ്ക്കുങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത ആളെയാണു് ഈഡിപ്പാർട്ട്മെണ്ടു ഭരിയ്ക്കാൻ ഏല്പിക്കുന്നതു്. അതുകൊണ്ടു വളരെയധികം വിഷമതകളും തൊഴിലാളികൾക്കനുഭവിയ്ക്കേണ്ടിവരുന്നുണ്ടു്. പല തൊഴിൽകുഴപ്പങ്ങളും തീരുമാനിയ്ക്കാൻ സാധിയ്ക്കാതെ ദീർഘിച്ചുപോകുന്നു. ഒരു തൊഴിലാളിപ്രവർത്തകൻകൂടിയായ എനിക്കു് ഉണ്ടായിട്ടുള്ള എന്റെ സ്വന്തം അനുഭവത്തെപ്പറ്റി പറയുകയാണെങ്കിൽ കഴിഞ്ഞ കുംഭമാസത്തിൽ ചില ആക്ഷേപങ്ങളും കൊടുത്തിട്ടു് ഇന്നുവരെ ലേബർകമ്മീഷണരിൽനിന്നു ഒരു നടപടിയും മറുപടിയും ഉണ്ടായിട്ടില്ല. സൌത്തു് ഇന്ത്യൻ എഞ്ചിനീയറിങ്ങ്കമ്പനിയിൽനിന്നു തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുള്ള ആക്ഷേപം കൊടുത്തിട്ടു ഇന്നുവരെയും അതിനു യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അളകപ്പാ ടെക്സ്റ്റയിൽസിൽ ഉപവാസംവരെ എത്തിക്കുവാനുള്ള പരിതഃസ്ഥിതി ഉണ്ടായിതീർന്നതു, ലേബർകമ്മീഷണരുടെ അനാസ്ഥകൊണ്ടാണു്. തൊഴിലാളികളുടെ അവകാശങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Karunakaran]

അവഗണിക്കുന്ന് ലേബർകമ്മീഷണർമാരെ ഇവിടെ വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഈ രാജ്യത്തിലെ തൊഴിൽകുഴപ്പങ്ങളും അവസാനിക്കാൻ പോകുന്നില്ല. തിരുവിതാംകൂറിൽ തൊഴിലാളിപ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്ന ഒരാളെയാണ് ലേബർകമ്മീഷണരായി നിയമിച്ചിരിക്കുന്നത്. ഇന്ത്യാഗവണ്മെൻറ തൊഴിൽകായ്വകുപ്പിൻെറ മേലദ്ധ്യക്ഷനായി നിയമിച്ചിരിക്കുന്ന ശ്രീമാൻ ജോഷി തൊഴിലാളിപ്രസ്ഥാനവുമായി വളരെയധികം ബന്ധപ്പെട്ടിരുന്ന ഒരാളാണ്. തൊഴിലാളികളുടെ ജീവിതരീതിയും, അവരുടെ ബുദ്ധിമുട്ടുകളും അവരുടെ പ്രവർത്തനത്തിൻെറ പശ്ചാത്തലവും മനസ്സിലാക്കീട്ടുള്ള ആളുകളാണ് തൊഴിൽകായ്വകുപ്പിൻെറ മേലദ്ധ്യക്ഷനായി ഇരിക്കേണ്ടതു്. അതുകൊണ്ടു് പോലീസു ഡിപ്പാർട്ടുമെണ്ടിൽനിന്നോ മറെറ ഡിപ്പാർട്ടുമെണ്ടിൽനിന്നോ ഉള്ള ആളുകളെ ഈ വകുപ്പിൻെറ മേലദ്ധ്യക്ഷനായി നിയമിച്ചു അവരുടെ കയ്യിൽ ഈ വകുപ്പിൻെറ നിയന്ത്രണം കൊടുക്കുകയല്ലാ വേണ്ടതു്. തൊഴിലാളികളുടെ പ്രവർത്തനങ്ങളിൽ ഇടപെട്ട പരിചയമുള്ള ഒരാളെ ഈ വകുപ്പിൻെറ മേലദ്ധ്യക്ഷനായി നിയമിയ്ക്കണം എന്നാണ് എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, വെല്ലൂർ ടെയിനിങ്ങ് ലേബർ കമ്മീഷണരുടെ ഉദ്യോഗത്തിന്നു് ആവശ്യമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതുണ്ടായതുകൊണ്ടു ദുഷ്യമൊന്നുമില്ല.

മിസ്റ്റർ ഗാസ്പർ ഡിസിൽവ: സർ, ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. തൊഴിൽക്കായ്വകുപ്പിൻെറ മേലദ്ധ്യക്ഷനായി ആ വിഷയത്തിൽ പരിചയമുള്ളവരെയെല്ലാ ഇതുവരെ നിയമിച്ചിന്നരുതു്. മറെറ വകുപ്പുകളിൽ എത്രതന്നെ പരിചയമുള്ളവരായിരുന്നാലും തൊഴിൽക്കായ്വകുപ്പിന്നു അതു ഒട്ടുംതന്നെ മതിയാവുകയില്ല. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള തക്കമാണു തൊഴിലാളികളും മുതലാളികളും തമ്മിൽ സാധാരണ നടന്നു കൊണ്ടിരിക്കുന്നതു്. തൊഴിലാളികൾക്കു തികച്ചും ജീവിത സൗകര്യങ്ങൾ അനുഭവിയ്ക്കുവാൻ സാധിയ്ക്കുന്ന ഒരു സമുദായഘടന സ്ഥാപിക്കപ്പെട്ടുന്നതുവരെ അതു തുടരുകയും ചെയ്യും. അതുകൂടാതെ കഴിക്കുവാനുള്ള ഒരു ഉപായമാണു ഇന്നു നടക്കുന്നതെങ്കിൽ വ്യസനിക്കാനെ വഴികാണുന്നുള്ളൂ. ബ്രിട്ടീഷ്ഭാധിപത്യത്തിൻേറയും ഇന്നാട്ടിലെ നാടുവാഴിരാ സമ്പ്രദായത്തിൻേറയും കീഴിൽ അവരുടെ താല്പര്യം സംരക്ഷിക്കുവാൻ വേണ്ടിയാണു നമ്മുടെ ഉദ്യോഗസ്ഥ മേധാവിത്വം ഇതുവരെ പരിശ്രമിച്ചിട്ടുള്ളതു്. അതിൻെറ അവശിഷ്ടങ്ങൾ ഇപ്പോഴും നമ്മുടെ ഗവണ്മെണ്ടു സർവ്വീസിലുണ്ടു്. പോലീസു വകുപ്പിൻെറ കഥ പറയാനുമില്ല. ആ, പോലീസു വകുപ്പിൽനിന്നു ഒരാളെ ലേബർ കമ്മീഷണരായി നിയമിച്ചിരിക്കുന്നതു ഇന്നത്തെ കൊച്ചു് ഗവണ്മേണ്ടിനു ഒട്ടും ഭൂഷണമല്ല. തൊഴിലാളികളെ ഭയപ്പെടുത്തി മുതലാളികൾക്കു ഗുണം ചെയ്യുവാൻ മാത്രമെ അതു് ഉപകരിക്കുകയുള്ളൂ. അതുകൊണ്ടു് അത്തരം ആളുകളെ തൊഴിൽക്കായ്വകുപ്പിൻെറ മേലദ്ധ്യക്ഷസ്ഥാനത്തുനിന്നു ഉടനെ നീക്കുകയും, തൊഴിലാളി താല്പര്യം സംരക്ഷിക്കുവാൻ സാധിക്കുന്നവരെ നിശ്ചയിക്കുകയും വേണം. അവർ തൊഴിലാളികളുടെ കഷ്ടപ്പാടുകൾ അറിഞ്ഞിട്ടുള്ളവരായിരുന്നാൽ അത്രയും നന്നു്. ഇന്നത്തെ എപ്പാട് കണ്ടാൽ ഗവണ്മെണ്ടു മുതലാളിമാരുടെ ഭാഗത്താണെന്ന ജനങ്ങളുടെ തെറിദ്ധാരണ വർദ്ധിക്കും.

ഞാൻ ഇത്രയും പറഞ്ഞതു് ഒരു തൊഴിലാളിയെന്നുള്ള നിലയിലാണു്. ഞാൻ ഒരു തൊഴിലാളിയെന്നുള്ള നിലയിൽ അവരുമായി ഇടപഴകി അവരുടെ കഷ്ടപ്പാടുകൾ മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ള ഒരു വ്യക്തിയാണു്. അവരുടെ അവശതകൾ, അവരുടെ കഷ്ടപ്പാടുകൾ ഏതെല്ലാംവിധത്തിലുള്ളതാണെന്ന അവരുമായി അടുത്തു നോക്കിയാൽ മാത്രമെ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. എൻെറ സമുദായത്തിൽ പെട്ടിട്ടുള്ളവർതന്നെ വിവിധതൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരാണു്. ഇങ്ങിനെയുള്ള തൊഴിലാളികളുടെ കഷ്ടപ്പാടുകൾ ലോകത്തിൽനിന്നും മാറണം, അല്ലെങ്കിൽ മാറണം. അല്ലാതെ തൊഴിലാളികളുടെ കായ്ത്തിൽ യാതൊരു രക്ഷയുമുണ്ടാകാൻ പോകുന്നില്ല. തങ്ങളുടെ കുറവുകൊണ്ടല്ല തങ്ങൾ ലോകത്തിൽ ജനിച്ചിട്ടുള്ളതു എന്ന ലോകത്തിൽ എല്ലാവരും മനസ്സിലാക്കി കഴിഞ്ഞിട്ടുള്ള ഒരു പരമാർത്ഥം മാത്രമാണു്. അങ്ങിനെ ഇരിക്കുമ്പോൾ ഈ സ്ഥിതി മാറാതെ യാതൊരു നിവർത്തിയുമില്ല. തങ്ങളുടെ യാതനകളുടെ അനുഭവംകൊണ്ടാണ് ഞാൻ ഇതു് ഇവിടെ പറയുന്നതു്. ഇത്രയും പറഞ്ഞു് ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, തൊഴിൽകാര്യത്തിൽ വിദഗ്ദ്ധനായിട്ടുള്ള ഒരാളെ തൊഴിലാളിവകുപ്പിന്റെ മേലദ്ധ്യക്ഷനായി നിയമിക്കണമെന്നുള്ള കാര്യത്തെ ആക്ഷേപിക്കുവാൻ നിവൃത്തിയില്ല. എന്നാൽ ഇന്നത്തെ ലേബർ കമ്മീഷണറെപ്പറ്റി ഇവിടെ ചില അംഗങ്ങൾ അവ്യക്തമായി ചെയ്ത ആരോപണങ്ങൾ നിർഭാഗ്യകരമാണെന്നു ഞാൻ വിചാരിക്കുന്നു. ഈ വിധത്തിലുള്ള ആരോപണങ്ങൾ അദ്ദേഹം അർഹിക്കുന്നില്ലായെന്നാണു ഞാൻ വിശ്വസിക്കുന്നതു". മുതലാളിമാരുടെ ഭാഗത്തുനിന്നുകൊണ്ടു, മുതലാളിമാരെ സഹായിക്കുയാണു" അദ്ദേഹം ചെയ്യുന്നതു, എന്നുള്ള ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്നു" എനിക്കുതന്നെ സാക്ഷ്യംവഹിക്കാൻ സാധിക്കും. അദ്ദേഹം ഇതിനു മുമ്പു വേറൊരു ഡിപ്പാർട്ടുമെന്റിൽ ഇരുന്നു എന്നും മറ്റും പറഞ്ഞതു" ഈ വാദപ്രതിവാദത്തിൽ അപ്രസക്തമാണു". തൊഴിൽകാര്യങ്ങളിൽ വൈദഗ്ദ്ധ്യമുള്ള ആരാണെന്നു ഞാൻ ചോദിക്കുന്നു. അടുത്ത നാലഞ്ചുകൊല്ലക്കാലമായിട്ടാണു" നമ്മുടെ നാട്ടിൽ പലവിധമായ കാരണങ്ങളാൽ തൊഴിലാളികൾക്കു ഉണർവും അതനുസരിച്ചു കൂടുതൽ അവകാശങ്ങൾക്കുവേണ്ടിയുള്ള വാദവും അധികമായി ഉണ്ടായിട്ടുള്ളതു". ഏതു ബുദ്ധിമാനും, ഏതു നയശാലിയും, ഏതു തന്ത്രജ്ഞനും, ഏതു ആത്മാർത്ഥതയുള്ളവനും പലവിധത്തിലുള്ള ബുദ്ധിമുട്ടുകളും പലവിധത്തിലുള്ള ആശാഭംഗങ്ങളും ഉണ്ടാകാനിടയുള്ളതുകൊണ്ടു" ബുദ്ധിമുട്ടേറിയ ഒരു ഡിപ്പാർട്ടുമെന്റിന്റെ മേലദ്ധ്യക്ഷൻ ചിലകാര്യങ്ങളിൽ ചിലർ വിചാരിക്കുന്നതുപോലെ പ്രവൃത്തിച്ചില്ലായെന്നവരാം; അതായതു പത്തുദിവസത്തിനുള്ളിൽ ചെയ്യുതീർക്കേണ്ട ഒരുകാര്യം പന്ത്രണ്ടുദിവസത്തിനുള്ളിലായിരിക്കാം ചെയ്യുതീർത്തതു" എന്നവരാം. പന്ത്രണ്ടുദിവസംകൊണ്ടു അക്കാര്യം ചെയ്യുതീർക്കാൻ സാധിക്കുമെന്നുള്ളതു ചിലരുടെ വിചാരം മാത്രമാണു". ഇങ്ങിനേയുള്ള ഒരു ഉദ്യോഗസ്ഥൻ അസമർത്ഥനാണു"; ആത്മാർത്ഥതയില്ലാത്തവനാണു, മറ്റൊരുതെങ്കിലുമൊക്കെയാണു" എന്നു പറയുന്നതു ശരിയല്ല. തൊഴിൽ കുഴപ്പങ്ങൾ തീർക്കുന്നതിനെ സംബന്ധിച്ചു പല ബുദ്ധിമുട്ടുകളുമുണ്ടു". മൂന്നുമാസംമുമ്പു" ഒരു തൊഴിൽശാലയിലെ കുഴപ്പം ലേബർ കമ്മീഷണർ പോയി അന്വേഷിച്ചു പരിഹാരമുണ്ടാക്കിയെന്നു വരാം. അതിനുശേഷം പിന്നെയും അവിടെ കുഴപ്പമുണ്ടായിട്ടുണ്ടാകാം. ദിവസം ചെല്ലുന്തോറും കൂടിക്കൊണ്ടിരിക്കുന്ന അവശതകൾക്കും ഈവക കാര്യങ്ങളിൽ ദൈനംദിനമുദിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കും വളരെ എളുപ്പത്തിൽ നിവൃത്തിയുണ്ടാക്കാൻ സാധിച്ചു എന്നു വരുന്നതല്ല. അതുകൊണ്ടു ഈവക കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ ആക്ഷേപിക്കുന്നതു ശരിയല്ല പ്രത്യേകിച്ചും ഇപ്പോഴത്തെ ലേബർ കമ്മീഷണർ ഈ വിധത്തിലുള്ള യാതൊരാക്ഷേപങ്ങളും അർഹിക്കുന്നില്ലായെന്നു ഈയവസരത്തിൽ എനിക്കു പറഞ്ഞാൽ കൊള്ളാമെന്നുണ്ടു". ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെമേൽ ഈവക ആരോപണങ്ങൾ കൊണ്ടുവരുമെന്നു ഞാൻ അശേഷം ശങ്കിച്ചിരുന്നില്ല, എങ്കിലും ഇത്രയും പറഞ്ഞസ്ഥിതിക്കു ഇതു ഇവിടെ പറയാതെ നിവൃത്തിയില്ല. നമുക്കാവശ്യമായ ലേബർ നിയമങ്ങൾ പാസാക്കാൻ ഈ നിയമസഭയ്ക്കധികാരമുണ്ടു". തൊഴിലാളികൾക്കു കൂടുതൽ സൌജന്യങ്ങൾ ചെയ്യുന്ന നിയമം നടപ്പാക്കാൻ ഗവണ്മെന്റിനുദ്ദേശമുണ്ടു". ഗവണ്മെന്റു" അതിനു" ഒരുക്കവുമാണു". ഗവണ്മെന്റിന്റെ നയം ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാർ നടത്തുകയും ചെയ്യും. അതിൽ ആരും ശങ്കിക്കേണ്ടതില്ല. ഇത്രമാത്രമേ എനിയ്ക്കു ഇതിനെപ്പറ്റി പറയുവാനുള്ളു.

മിസ്റ്റർ എം. കെ. മേനോൻ: സർ, എന്റെ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതുകൊണ്ടും, അതിന്റെ തത്വം ഗവണ്മെന്റു" അംഗീകരിച്ചിട്ടുള്ളതുകൊണ്ടും ഈ സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഇതു പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn
Demand put and carried

(ii) 37—Uplift of the Depressed Classes

Mr. P. Govinda Menon *(Minister for Finance and Law):* Sir, I move that Government be allowed a grant of Rs. 1,12,968 under "37 Uplift of the Depressed Classes".

Mr. E. Ikkanda Warrier *(Prime Minister):* I second it.

Mr. President: I think cut motions 5 and 6 may be moved together.

CUT MOTION No. 1 (5)

To reduce the allotment of Rs. 8,000 for uplift of the Depressed Class—Supplies & services —Water supply—in Demand No. 37. by—Re. 1.

*Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly